② (Malayalam title) Sabha Chandrika

സഭാചന്ദ്രിക

(മാസത്തിൽ രണ്ടു തവണ)

ആലുവാ തൃക്കുന്നത്തു് സിമ്മനാരിയിൽനിന്നും

Licence No. 570. Dated 3rd April 1948. Registered No. T. 179.

പുസ്തകം 1 1124 മീനം 30 ലക്കം 24

പ്രിയമുള്ളവരെ, നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽനിന്നു് വരുന്നു. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽനിന്നു് ജനിച്ചിരിക്കുന്നു; ദൈവത്തെ അറികയും ചെയ്യുന്നു. 1. യോഹ. 4:7.

വിഷയവിവരം.

(ലേഖകന്മാരുടെ അഭിപ്രായത്തിനു് പത്രാധിപക്കു് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.)

		പേജു്.
കവർപേജുകൾ: —	പ്രതിദിന വേദവായനക്കുറിപ്പു്, പുസ്തകാഭിപ്രായം, പാപബോധം, സമുദായ വാർത്തകൾ, പരസ്യം	2, 3, 4.
1.	പത്രാധിപലേഖനം	461.
2.	കാലോചിതമായ മിഷ്യനറി ഉണർവ്വു് (Fr. V. C. Gheevarghese.)	464.
3.	യഹോവായുടെ ഭുജം (മി. കെ. വി. കുര്യൻ.)	467.
4.	ചോദ്യോത്തരപംക്തി	469.
5.	സമാഗമനകൂടാരം (തുടർച്ച) (Dr. K. V. Kakku.)	470.
6.	പിന്മാററജീവിതം (തുടർച്ച)	471.
7.	സത്യകമ്പോളപ്രവേശകം (Fr. V. C. Gheevarghese.)	472.
8.	സുറിയാനിസഭയിൽ നടക്കുന്നതു് വിശ്വാസസ്നാനമത്രെ (എം. വി. ജോസഫ്.)	474.
9.	കവിതകൾ: — 1. കൃപനിറഞ്ഞ മറിയാമെ എന്ന പ്രാർത്ഥന	476.
	2. പുൽക്കൂട്ടിലെ ശിശു	476.
	3. ജീവിതത്തിലേക്കു് ഒരു എത്തിനോട്ടം	477.
	4. സീയോൻയാത്ര	477.
	5. കരുണയുള്ള ക്രിസ്തു	478.
10.	ബാലപംക്തി	478.
11.	ദൈവം സന്ദർശിച്ച ഒരു ബാലൻ	479.
12.	ക്രിസ്തീയ ലഘുതത്വോപദേശങ്ങൾ: സമ്മാനപരീക്ഷ	479.
13.	പൗരസ്ത്യ സുവിശേഷസമാജം	480.

ഒന്നാംവാല്യം സമാപ്തം.

വരിസംഖ്യ ഒരാണ്ടത്തേക്കു് അഞ്ചൽമാർഗ്ഗം 6 ക. — തപാൽമാർഗ്ഗം 7 ക.

☞ 24 ലക്കങ്ങൾവരെ 6 ക. യാണു് വരിസംഖ്യ. അതിനാൽ 6 ക. തരാതെ കടിശ്ശിഖയായി കിടക്കുന്നവർ ഉടനെ ബാക്കി സംഖ്യ "മാനേജർ, സഭാചന്ദ്രിക, ആലുവാ" എന്ന മേൽ വിലാസത്തിൽ അയച്ചുകൊടുക്കണമെന്നപേക്ഷ.

ദിവ്യസ്നേഹ ഉപയോഗിപ്പാനുള്ള വേദവായന ഭാഗങ്ങൾ.

1919 നീസാൻ (മേടം) 16—30; 1124 മേടം 17—31 1949 ഏപ്രിൽ 29—മേയ് 13.

ദിവസം	സുറി.	മല.	ഇം.	
വെള്ളി	16	17	29	യോഹ: 20:18—23.
ശനി	17	18	30	ലൂക്കോ: 24:25—44.
ഞായർ	18	19	1	പുതു ഞായറാഴ്ച. യോഹ: 20:26—31.
തിങ്കൾ	19	20	2	മത്താ: 28:11—20.
ചൊവ്വ	20	21	3	1 പത്രോ: 2:19—25.
ബുധൻ	21	22	4	റോമ: 6:12—23.
വ്യാഴം	22	23	5	യോഹ: 2:18—25.
വെള്ളി	23	24	6	മാർ ഗീവറുഗീസ് സഹദായുടെ ഓർമ്മ. മത്താ: 19:16—26.
ശനി	24	25	7	ഏശാ: 40:9—15.
ഞായർ	25	26	8	സുവിശേഷകനായ വി: മർക്കോസിൻെറ ഓർമ്മ. മർക്കോ: 10:28—31. പുതിയ ഞായറാഴ്ച കഴിഞ്ഞ് 1-ാം ഞായർ (യോഹ: 21:1—14.)
തിങ്കൾ	26	27	9	മർക്കോ: 16:9—18.
ചൊവ്വ	27	28	10	ഏശാ: 63:8—14.
ബുധൻ	28	29	11	നടപ്പ്: 13:26—39.
വ്യാഴം	29	30	12	എഫേ: 6:10—24,
വെള്ളി	30	31	13	മർക്കോ: 8:11—21.

പരസ്യം.

യാക്കോബായ സുറിയാനിക്കാരുടെ ഞായറാഴ്ചത്തെ **'പ്രാർത്ഥനാക്രമം.'** (മലയാളലിപികളിൽ എഴുതീട്ടുള്ള ടി. ഗാനങ്ങളോടുകൂടിയത്) വില അണ 8.

വഴിക്കാലഗീതങ്ങളോടുകൂടിയ **'ഭക്തിഗീതങ്ങൾ'** വില അണ 3.

അപേക്ഷിക്കേണ്ടും മേൽവിലാസം: പി. ജി. ഇടിച്ചാണ്ടി കത്തനാർ,
കാദീശാപള്ളി വികാരി, കായംകുളം.

പുസ്തകാഭിപ്രായം.

ഡാക്ടർ വി. പി. വറുഗീസ്, കുത്താട്ടുകുളം വ്യാഖ്യാനിച്ചിട്ടുള്ള **"മർമ്മചികിത്സ"** രണ്ടാംപതിപ്പു കിട്ടി. നല്ല വെള്ളക്കടലാസ്സിൽ വളരെ വൃത്തിയായി ക്രൗൺ 8 സൈസിൽ അച്ചടിച്ചിട്ടുള്ള ഈ പുസ്തകം വൈദ്യന്മാർക്കും ഓരോ വീടിനും പ്രയോജകരമായ ഒരു പുസ്തകമെന്ന് പറയുന്നതിൽ ഞങ്ങൾക്ക് ഒരു സങ്കോചവുമില്ല. 14 ചക്രം മാത്രം വിലയുള്ള ടി. പുസ്തകം വായിക്കുന്നത് വൈദ്യവാസനയുള്ളവർക്ക് വിജ്ഞാനപ്രദമായിരിക്കും.

അറിയിപ്പ്.

പ്രാർത്ഥനയോടെ വിതരണം ചെയ്യുന്നതിന് ട്രാക്റ്റുകൾ വേണ്ടവർ അഞ്ചൽചെലവിനുള്ള സ്റ്റാമ്പയച്ച് ആവശ്യപ്പെടുക.

V. C. GHEEVARGHESE B. A.,
Thottumukhom, Alwaye.

പത്രാധിപലേഖനം

"ONE BY ONE" WORKING BAND

ആളാംപ്രതി സുവിശേഷവേല

(ഏശാ. 27 : 12.)

ആളാംപ്രതി സുവിശേഷവേല എന്നാൽ, ചില്ലപ്പാട്ടുണ്ടാക്കാത, ദൈവരാജ്യപ്രസ്ഥാനം രാപകൽ വ്യാപിപ്പിക്കുന്ന, ഒരു മനോഹര പ്രവർത്തനമാണ്. യേശുക്രിസ്തുവിൻെറ അടുക്കലേക്ക് അന്ത്രയോസ് ശീമോനേയും, പീലിപ്പോസ് നഥാനിയേലിനേയും, കൂട്ടിക്കൊണ്ടുവന്നതുതന്നെയാണ് ആളാംപ്രതി വേലയുടെ മാതൃക.

5000 സത്യക്രിസ്ത്യാനികൾ ഒന്നാം കൊല്ലത്തിൽ മുമ്മൂന്നുപേരെ യേശുക്രിസ്തുവിൻെറ ഭരണത്തിലാക്കിയാൽ ആദ്യകൊല്ലത്തിൻെറ അവസാനം 20,000 പേർ സ്വർഗ്ഗീയപൌരത്വമുള്ളവരായി കാണപ്പെടും. 2-ാം കൊല്ലം ടി. 20,000 പേർ മുമ്മൂന്നുപേരെ മാനസാന്തരത്തിലേക്കു വരുത്തിയാൽ 80,000 പേർ ദൈവരാജ്യപ്രജകളായിട്ടുണ്ടാകും. അവർക്ക് 3-ാംകൊല്ലാവസാനം 320,000 ആയും, 4-ാംകൊല്ലാവസാനം 1,280,000 ആയും, 5-ാംകൊല്ലാവസാനം 5,120,000 ആയും, 6-ാംകൊല്ലാവസാനം 20,480,000 ആയും, 7-ാംകൊല്ലാവസാനം 81,920,000 ആയും, 8-ാംകൊല്ലാവസാനം 327,680,000 ആയും, 9-ാംകൊല്ലാവസാനം 1,310,720,000 ആയും വളന്ന് 10 കൊല്ലംകൊണ്ട് ലോകം മുഴുവനും സുവിശേഷത്തിന് അധീനപ്പെട്ടതാവുന്നതാണ്. ഈ കണക്കു കാണിച്ചത് ഇതു പ്രായോഗികമായിത്തീരുമെന്നുള്ള ഉദ്ദേശത്തോടുകൂടി കൊണ്ടല്ല; എന്നാലൊ ഓരോ ക്രിസ്ത്യാനിയും ആളാംപ്രതി വേലചെയ്താൽ എത്ര വലിയ ഫലം അതിവേഗത്തിലുണ്ടാകുമെന്നുള്ളതിൻെറ ശക്തി വെളിപ്പെടുത്തുവാൻ വേണ്ടി മാത്രമാണ്.

നമ്മുടെ മലങ്കര യാക്കോബായ സഭയിൽ ദൈവരാജ്യപ്രസ്ഥാനം സർവ്വപ്രധാനമാക്കി പ്രവർത്തിപ്പാൻ ആയിരം സ്ത്രീപുരുഷന്മാരെങ്കിലും ഉണ്ടാകുന്നപക്ഷം 1953-ാമാണ്ടിനുള്ളിൽതന്നെ വലിയൊരു ആത്മീയ ഉണർവ്വ് മലങ്കരസഭയിൽ പ്രത്യക്ഷപ്പെടാവുന്നതും നമ്മുടെ സഭ ഒരു വലിയ മിഷ്യനറി സഭയായി ഇൻഡ്യയിൽ പ്രശോഭിക്കാവുന്നതുമാകുന്നു. ഇൻഡ്യയുടെ പല ഭാഗങ്ങളിലും സുവിശേഷാശ്രമങ്ങൾ വഴിയായും, മററുവിധത്തിലും സുവിശേഷം നൽകുവാൻ ശതക്കണക്കിന് സുവിശേഷകന്മാരും ലക്ഷക്കണക്കിന് പണവും നമ്മുടെ സഭയിൽനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. നമ്മുടെ സഭയുടെ ആത്മീയ ഉണർവ്വും സുവിശേഷപ്രബുദ്ധതയും മുൻനിറുത്തി ഇൻഡ്യയുടെ ക്രിസ്തീയ ഉദ്ധാരണത്തെ ലാക്കിൽ വച്ചുകൊണ്ട് നമ്മുടെ സഭയിൽ ആളാംപ്രതി സുവിശേഷവേല ചെയ്‌വാൻ ആയിരം സ്ത്രീപുരുഷന്മാരെങ്കിലും ഉണ്ടായിരുന്നെങ്കിൽ, എത്ര നന്നായിരുന്നു. സമുദായക്കേസ്സെന്ന് വെറുതെ തർക്കംപറയാതെ അവരവരുടെ നിലയിൽ പ്രവർത്തിപ്പിൻ.

ആളാംപ്രതി സുവിശേഷവേല എന്നാൽ എന്ത്?

സ്വർഗ്ഗസ്ഥനായ പിതാവിൻെറ നാമം പരിശുദ്ധമാകപ്പെടുന്നതിനും, തൻെറ രാജ്യം സ്ഥാപിതമാകുന്നതിനും, തൻെറ തിരുഹിതം നടപ്പിലാകുന്നതിനും, ഒററയൊററ വ്യക്തികൾക്കുവേണ്ടി പ്രാർത്ഥിച്ച് ദൈവം നടത്തുന്നപ്രകാരം അവരോട് പെരുമാറുകയും സംസാരിക്കയും ചെയ്ത്, അവരെ രക്ഷയ്ക്കായി പിടിച്ചെടുക്കുന്ന വേലയാകുന്നു. ഇപ്രകാരം സുവിശേഷവേല ചെയ്യുന്നതിന് പാപകരമല്ലാത്ത അവരവരുടെ ഏതു തൊഴിലും വിഘാതമായിതീരുന്നില്ല. വിദ്യാർത്ഥികൾ സഹപാഠികളോടും, കൃഷിക്കാർ കൂട്ടുപ്രവർത്തകരോടും, സ്ത്രീകൾ സ്ത്രീകളോടും, ഇങ്ങനെ ഓരോ ക്ലാസിൽ ഉൾപ്പെടുന്നവർ പരസ്പരമുള്ള ഈ വേല നടത്താവുന്നതാണ്.

ഈ വേലയുടെ വിജയത്തിന് രണ്ടു സംഗതികൾ ഒഴിച്ചുകൂടാത്തതാകുന്നു.

(1) പാപികളെ വഹിച്ചുകൊണ്ട് ദൈവമുമ്പാകെ പ്രവേശിക്കണം.

(2) ദൈവത്തെ വഹിച്ചുകൊണ്ട് പാപികളുടെ അടുക്കലേക്കു ചെല്ലണം.

വേലയുടെ ശക്തിക്കുള്ള 7 കാര്യങ്ങൾ.

(1) ഹൃദയ ശുദ്ധീകരണം.
(2) നീതിയായ ജീവിതം.
(3) ദൈവവചനത്തോടുള്ള പ്രതിപത്തി.
(4) പരിശുദ്ധാത്മാവിനെ ഉടനടിയുള്ള അനുസരണം.
(5) ദൈവത്തോടുള്ള സംസർഗ്ഗം.
(6) മടുത്തുപോകാത്തതായ മദ്ധ്യസ്ഥപ്രാർത്ഥന.
(7) ആത്മാക്കളെക്കുറിച്ചുള്ള എരിവ്.

ഈ എഴ കാര്യങ്ങൾ ഓരോന്നായി എടുത്തു ധ്യാനിച്ച് ഇടക്കിടെ ജീവിതം ശരിപ്പെടുത്തണം.

രഹസ്യത്തിൽ തനതു പ്രാൎത്ഥനയും, സംസാരിക്കാതെ ചിന്തകൊണ്ടു മാത്രമുള്ള ധ്യാനവും ആളാംപ്രതി സുവിശേഷവേലക്കാരൻ ജീവിതത്തിൽ പ്രായോഗികമാക്കണം. ഇപ്രകാരമുള്ള പ്രാൎത്ഥനയും ധ്യാനവും നടത്തുന്നതു് ശരിപ്പെടുവാൻവേണ്ടി താഴെ പറയുന്ന കാൎയ്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക.

(1) പ്രാൎത്ഥനയിൽ ഉദ്ദേശശുദ്ധി വരുത്തുക (2) എന്തിനുവേണ്ടി പ്രാൎത്ഥിക്കുന്നുവെന്നു് ശരിയായ ബോധം ഉണ്ടാകണം. (3) പ്രാൎത്ഥന പരിശുദ്ധാത്മാവിൽനിന്നുണ്ടാകുന്ന ആഗ്രഹങ്ങളായിരിക്കണം. (4) കൎത്താവു കല്പിച്ചിരിക്കുന്ന വാഗ്ദത്തങ്ങളിൽ ദൃഢവിശ്വാസം ഉറപ്പിക്കണം. (5) ദൈവത്തിന്റെ പ്രാപ്തിയിലും സ്നേഹത്തിലും സംശയം കൂടാതെ ശരണം വരുത്തണം. (6) ക്രിസ്തുവിന്റെ നാമത്തിൽ പ്രാൎത്ഥിക്കണം (അതായതു് പ്രാൎത്ഥിക്കുന്ന ആൾ ക്രിസ്തുവിൽ ഐക്യപ്പെട്ടു നിന്നുകൊള്ളണം) ഈ ആറു കാൎയ്യങ്ങൾ നമ്മുടെ പ്രാൎത്ഥനകളിലും ധ്യാനങ്ങളിലും ഉണ്ടാകുന്നതിലേക്കു് ചിലപ്പോഴെല്ലാം ഇവ പോയിന്റുകൾ വച്ചു് ചിന്തിച്ചു് ഹൃദയം ശരിപ്പെടുത്തിയശേഷം പ്രാൎത്ഥനയ്ക്കു് ആരംഭിക്കുക.

നാം പ്രാൎത്ഥിക്കുന്നതു് ശരിയായ വിധത്തിലാണൊ എന്നുള്ള സംശയം തീൎക്കുവാൻ ചിലപ്പോഴെല്ലാം താഴെയുള്ള 5 ചോദ്യങ്ങൾ തന്നെത്താൻ ചോദിച്ചുനോക്കുക. (1) ഈ യാചന ദൈവത്തിനു് അഹിതമായിട്ടുള്ളതാണൊ? (2) ഇതു് ദൈവമഹത്വത്തിനുള്ളതാണൊ? (3) ഇതു് നിവൃത്തിച്ചുകിട്ടാവുന്നതാണെന്നു് ദൈവവചനത്തിൽനിന്നു് മനസ്സിലാകുന്നുണ്ടൊ? (4) പരിശുദ്ധാത്മപ്രേരണയാലാണൊ ഈ പ്രാൎത്ഥന നടത്തുന്നതു്? (5) യേശുക്രിസ്തുവിൽ വസിച്ചുകൊണ്ടാണൊ പ്രാൎത്ഥിക്കുന്നതു്?

ഈ വേലയ്ക്കു് ഒഴിച്ചുകൂടാത്ത രണ്ടു സംഗതികളിൽ മുൻ പറഞ്ഞിട്ടുള്ള 1-ാമത്തേതു്, ആരുടെ അടുക്കൽ വേലചെയ്യുന്നുവൊ അയാളെ വഹിച്ചുകൊണ്ടു് ദൈവമുമ്പാകെ പ്രവേശിക്കണമെന്നുള്ളതാണു്. എങ്ങിനെയാണു് ഒരാളെ വഹിച്ചുകൊണ്ടു് പ്രാൎത്ഥിക്കുന്നതു്? (1) സ്നേഹം എന്ന കട്ടിലിൽ അയാളെ വഹിച്ചു് ക്രിസ്തുവിന്റെ അടുക്കൽ സമൎപ്പിക്ക. (2) അയാൾക്കു് ദൈവം ആഗ്രഹിക്കുന്ന (നാം ആഗ്രഹിക്കുന്നതല്ല) ഏററവും വലിയ നന്മ ഉണ്ടാകുവാൻ നമ്മുടെ വിശ്വാസം സമൎപ്പിക്ക. (3) ആ നന്മ അയാൾക്കുണ്ടാകുവാൻ നാം എന്തുചെയ്‌വാൻ ദൈവം ആഗ്രഹിക്കുന്നു എന്നറിവാൻ കാത്തിരുന്നു് നമ്മുടെ ഉത്തമബോധത്തിൽ തെളിഞ്ഞുവരുന്ന പ്രകാരം പ്രാൎത്ഥിക്കയും ചെയ്ക.

"Throne of Grace List" മദ്ധ്യസ്ഥപ്രാൎത്ഥനാലിസ്റ്റ്. ഈ പേരിൽ ചെറിയ ഒരു ബുക്കുണ്ടാക്കി വ്യക്തികളുടേയും പൊതുവിഷയങ്ങളുടേയും വിവരം എഴുതി മദ്ധ്യസ്ഥപ്രാൎത്ഥനയ്ക്കു് ഉപയോഗിക്കുന്ന രീതി നല്ലതാകയാൽ ആളാംപ്രതി, സുവിശേഷവേലക്കാരൻ മേൽപ്രകാരം ഒരു ലിസ്റ്റ്, കടലാസിലൊ ബുക്കിലൊ കുറിച്ചു് ദിവസേന ഉപയോഗപ്പെടുത്തണം. അധികം വിഷയങ്ങളും പേരുകളും ഉണ്ടെങ്കിൽ പല ദിവസങ്ങളിലേക്കായി ഭാഗിച്ചു് പ്രാൎത്ഥിക്കണം.

ഇനി ദൈവത്തെ വഹിച്ചുകൊണ്ടു് മനുഷ്യരുടെ അടുക്കലേക്കു് ചെല്ലേണ്ടതിനെപ്പററി സ്വല്പം ചിന്തിക്കാം. "സൎവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു." (1 യോ. 5: 19) എന്നു് പാപദാസ്യത്തിലിരിക്കുന്ന ജനത്തെ ഉദ്ദേശിച്ചു് എഴുതപ്പെട്ടിരിക്കുന്നു. അവരെ യേശുക്രിസ്തു മൂലമുള്ള സ്വാതന്ത്ര്യത്തിലേക്കു് (യോ. 8: 36.) വരുത്തുവാൻ നാം ചുമതലപ്പെട്ടവരാകുന്നു. "കൊയ്ത്തു വളരെയുണ്ടു്, സത്യം; വേലക്കാരൊ ചുരുക്കം" (ലൂ. 10: 2) എന്നു് നമ്മുടെ രക്ഷിതാവു് കല്പിക്കുന്നതിനാൽ നാം വേലയ്ക്കു് തയ്യാറാകുവിൻ. ഒരാൾ ജീവിതത്തിൽ എത്ര അധഃപതിച്ചാലും ഇപ്പോൾ തുടങ്ങി പിതാവിന്റെ ഹിതാനുവൎത്തിയായി ജീവിക്കുവാൻ സമൎപ്പിക്കുന്നുവെങ്കിൽ അയാൾക്കു് ഈ സേവനത്തിൽ പങ്കുകൊള്ളാം. യേശുക്രിസ്തു സുവിശേഷഭടന്മാരായി നമ്മെ ചേൎക്കുവാൻ എപ്പോഴും റിക്രൂട്ട്മെൻറു് നടത്തുന്നു. ശമ്പളം സ്നേഹം തന്നെ. "എന്റെ അടുക്കലേക്കു വരുന്നവനെ ഞാനൊരുനാളും തള്ളിക്കളകയില്ല" (യോ. 6: 37) എന്നു് താൻ കല്പിക്കുന്നതിനാൽ ഈ സൈന്യത്തിൽ ചേരുവാൻ സൎവ്വരും വരുവിൻ. പിതാവിന്റെ സ്നേഹം എന്ന ആയുധംകൊണ്ടു് നടത്തേണ്ട യുദ്ധസേവനത്തിലേക്കാണു് ഈ സ്വൎഗ്ഗീയകാഹളം നമ്മെ ക്ഷണിക്കുന്നതു്. "ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും." (മത്താ. 4: 19) എന്നുള്ള നായകന്റെ നിശ്ചയമായ വാഗ്ദത്തം ഏവരേയും ധൈൎയ്യപ്പെടുത്തുന്നു. ദൈവരാജ്യപ്രസ്ഥാനം മാത്രം അന്ത്യത്തിൽ ജയിച്ചു് പ്രശോഭിക്കും. അതിനെ പീഡിപ്പിച്ച രാഷ്ട്രങ്ങൾ ലോകത്തിൽനിന്നു് തിരോധാനം ചെയ്യും. ക്രിസ്തുവിന്റെ രാജ്യം വേഗം പ്രത്യക്ഷപ്പെടും. ആരാലും നശിപ്പിക്കപ്പെടുവാൻ പാടില്ലാത്ത ക്രിസ്തുവിന്റെ ശിലാസാമ്രാജ്യം ഉടനെ വരും. "സ്വൎഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു് നല്കപ്പെട്ടിരിക്കുന്നു" (മത്താ. 27: 18). "ഞാനൊ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെയുണ്ടു്" (മത്താ. 27: 20) എന്നിപ്രകാരം മരണമില്ലാത്തവനായ

നമ്മുടെ നായകൻ ചെയ്തിരിക്കുന്ന വാഗ്ദത്തങ്ങൾ എത്ര ആശാജനകമായിരിക്കുന്നു. ഈ സുവിശേഷയുദ്ധം ചെയ്‌വാൻ പ്രസംഗകന്മാരാകുകയൊ, പട്ടക്കാരാകുകയൊ, ചെയ്യണമെന്നില്ല. ആളാംപ്രതി വേല പുരുഷനും സ്ത്രീക്കും ചെയ്യാം. അതിലുള്ള അശക്തി ആത്മീയജീവിതത്തിൽ കേടുണ്ടെന്നു് കാണിക്കുന്നു. യേശുക്രിസ്തുവിനെ ഹൃദയത്തിൽ വസിക്കുന്നവനായി വിശ്വാസത്തിൽ ധ്യാനിച്ചു് തന്നോടു്, സ്നേഹസംസൎഗ്ഗവും സംഭാഷണവും നടത്തുന്ന ഒരു ധ്യാനരീതി ഓരോ സുവിശേഷകനും വളരെ പ്രയോജനപ്പെടും. കൎത്താവിനെ മുൻനിറുത്തി വേണം സംസാരിപ്പാൻ. തന്റെ സ്നേഹം, കൂട്ടായ്മ, സമാധാനം ഇവയെ അനുഭവിച്ചിട്ടു് ആ അനുഭവസാക്ഷിയാണു് മററുള്ളവരോടു് പറയേണ്ടതു്. തക്കരീതി അഭിലഷണീയമല്ല. സ്നേഹത്താൽ പരസ്പരം സേവിപ്പിൻ. ജയകരമായ സുവിശേഷവേല ദൈവത്തോടുള്ള ഒരുവന്റെ ബന്ധത്തിന്റെ ലക്ഷണമാണു്. "പിതാവെ! നിന്റെ നാമം പരിശുദ്ധമാകപ്പെടണമെ; നിന്റെ രാജ്യം വരണമെ; നിന്റെ തിരുഹിതം നടപ്പിലാകണമെ" എന്നിങ്ങനെ സുവിശേഷകൻ ഇടക്കു് പ്രാൎത്ഥിക്കുന്ന പതിവു് നല്ലതാണു്. യേശുക്രിസ്തു കൊടുക്കുന്ന പരമരക്ഷ തന്നോടുകൂടിയുള്ള കൂട്ടായ്മയാണെന്നുള്ളതു് നന്നായി ഗ്രഹിച്ചു് അതിലേക്കുവേണ്ടിയാണു് മനുഷ്യരെ ഒരുക്കേണ്ടതു്. സുവിശേഷഭടന്മാർ, പരിശുദ്ധാത്മാവിന്റെ ഫലമായ സ്നേഹം, സന്തോഷം, സമാധാനം, ദീൎഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൌമ്യത, ഇന്ദ്രിയജയം എന്നീ 9 പുണ്യങ്ങളെ ധ്യാനിച്ചു് തങ്ങളിൽ വരുത്തിക്കൊള്ളണം. ക്രിസ്തുവിനെപ്പററി ലജ്ജിക്കയൊ, മററുള്ളവരുടെ മുമ്പാകെ ഭയപ്പെടുകയൊ ചെയ്യരുതു്. നമ്മുടെ രക്ഷിതാവിന്റെ സാവിലയേറിയ രക്തത്തോടുകൂടി നമ്മുടെ രക്തം തന്റെ സാക്ഷിയായി ഭൂമിയെ നനയ്ക്കുവാൻ ഒഴുക്കികൊടുക്കേണ്ടിവന്നാൽ അപ്രകാരം സന്തോഷസമേതം സമ്മതിച്ചു് സ്വൎഗ്ഗലോകത്തിലേക്കു് പറന്നുപോകാം. "അവൻ (നമ്മുടെ രക്ഷിതാവായ ദൈവം) സകല മനുഷ്യരും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു" (1 തീമോ. 2: 4.) ക്രിസ്തുവിനോടുള്ള സ്നേഹം ഏതു ഹൃദയത്തിൽ കത്തുന്നുവൊ, ആ ഹൃദയത്തിനു് ക്രിസ്തുവിനെ വായ്കൊണ്ടു് ഏററുപറയാതിരിപ്പാൻ സാദ്ധ്യമല്ല. സുവിശേഷവേല ദൈവപൈതങ്ങളുടെ സൎവ്വപ്രധാനമായ ജീവിതലാക്കു് (Over-mastering purpose) ആയിരിക്കണം. എന്തുകൊണ്ടെന്നാൽ "മുമ്പെ അവന്റെ (ദൈവം) രാജ്യവും നീതിയും അന്വേഷിപ്പിൻ" (മത്താ. 6: 33) എന്നു് കല്പിച്ചിരിക്കുന്നു. നമ്മുടെ പണം, സ്വാധീനം, ജ്ഞാനം എന്നിത്യാദി സൎവ്വവും ദൈവത്തിന്റെ മഹത്വത്തിന്നായി തനിക്കു് സമൎപ്പിക്കണം. സമൎപ്പണമില്ലാത്തവനു് സുവിശേഷഭടനായിരിക്കുവാൻ സാദ്ധ്യമല്ല. നാം ചുരുക്കംപേരെയുള്ളു എന്നു് വ്യസനിക്കേണ്ട. One man with God is a majority though there be thousands on the other side. എന്തെന്നാൽ, ദൈവത്തോടുകൂടി നില്ക്കുന്ന ഒരുവൻ എതിർപക്ഷത്തെ ലക്ഷോപലക്ഷങ്ങളേക്കാൾ ഭൂരിപക്ഷശക്തിയുള്ളവനാകുന്നു. ഈ വേലക്കു് ഒരാളെ ദൈവം വിളിക്കുന്നുണ്ടൊ എന്നറിയുന്നതിനു് ശബ്ദമൊ, ദൎശനമൊ ഉണ്ടാകണമെന്നില്ല. അപരന്റെ ആവശ്യമത്രെ നമുക്കു് വേലചെയ്‌വാനുള്ള അവസരമായി ദൈവം നല്കുന്നതു്. നല്ല ശമറിയാക്കാരൻ അപരന്റെ ആവശ്യം കണ്ടു് ദൈവവിളി മനസ്സിലാക്കി. അന്യന്മാരുടെ രക്തകുററം നമ്മുടെമേൽ വരാതിരിപ്പാൻ സത്യത്തെപ്പററി അവരോടും പറയേണ്ടിയിരിക്കുന്നു. (ഹെസ. 33: 8.) ഈ വേല നമ്മുടെ ജീവിതത്തെ ശ്രേഷ്ഠതപ്പെടുത്തുന്നു. (ദാനി. 12: 3.) നമുക്കുണ്ടാകുന്ന പല താൽക്കാലികതോൽവികൾ കൂടുതൽ ഉത്സാഹത്തിനുള്ള പ്രേരണകൾ മാത്രമായി മനസ്സിലാക്കണം. ക്രിസ്തുവിന്റെ രക്ഷ നമ്മെ ഭരമേല്പിച്ചിരിക്കുന്ന ട്രസ്ററു് മുതലാണു്. ക്രിസ്തുരഹിതരായവൎക്കും നാമധേയക്രിസ്ത്യാനികൾക്കും ആ രക്ഷയുടെ അനുഭവം ഉണ്ടാകുവാൻ നാം പ്രവൎത്തിപ്പാൻ ഉത്തരവാദികളാണു്. മാലാഖമാരല്ല ഈ വേല ചെയ്യേണ്ടതു്; യേശുക്രിസ്തുവിന്റെ അവയവങ്ങളായി തീൎന്നിരിക്കുന്ന സത്യക്രിസ്ത്യാനികൾതന്നെയാണു്. നാം പൂൎണ്ണന്മാരായിട്ടു് വേലചെയ്‌വാനിരുന്നാൽ ഒരിക്കലും വേല നടക്കയില്ല. പൂൎണ്ണതയെ ലാക്കാക്കി മാൎച്ച് ചെയ്തുകൊണ്ടു് വേലചെയ്ക. വേല ചെയ്യുന്നതുതന്നെയാണു് പൂൎണ്ണതയിലേക്കു് നടത്തുന്ന മാൎഗ്ഗം. അതിനാൽ ആളാംപ്രതി വേലചെയ്യുവാൻ തീരുമാനിക്കുക. തീരുമാനതീയതി ബൈബിളിലൊ നമസ്കാരപുസ്തകത്തിലൊ മറെറാ കുറിച്ചിടുക. പിറെറക്കൊല്ലം ആ തീയതിയിൽ പരിശോധിച്ചു് പത്തുപേരെയെങ്കിലും ആളാംപ്രതി സുവിശേഷവേലക്കാരായി തീൎത്തുവൊ എന്നു കാണുക.

ഈ വേലക്കാരെ സഹായിക്കത്തക്ക ട്രാക്ററുകളുടെ പ്രസിദ്ധീകരണം, ട്രാക്റ്റു് ശുശ്രൂഷ ഇവകൾ ആളാംപ്രതി വേലക്കുള്ള എളുപ്പമാൎഗ്ഗമാണു്. ട്രാക്ററുകൾ അച്ചടിക്കാൻ സഹായിക്കുക.

ആളാംപ്രതി വേലയുടെ ഗുണങ്ങൾ. (1) അവരവർ പാൎക്കുന്നിടത്തു് ജീവസന്ധാരണത്തിനുള്ള തൊഴിൽ ചെയ്തുകൊണ്ടിരിക്കുമ്പോഴും ഈ വേല നടത്താം. (2) ശമ്പളച്ചിലവു കൂടാതെ വലിയ സുവിശേഷവേല നമ്മുടെ സഭയിൽ നടപ്പിലാക്കാം. (3) സഭയിൽ ഇതുമൂലം ഒരു ആ

ത്മീയ ഉണർവ്വും സുവിശേഷപ്രബുദ്ധതയും ഉളവാക്കാം. (4) ആളാംപ്രതി വേലമൂലം ഓരോ പ്രദേശത്തും ചെറിയ ഗ്രൂപ്പുകളായ അനേകം ക്രിസ്ത്യൻ കൂട്ടായ്മ നടപ്പിലാക്കാം. (5) ഏതൊരു സ്ഥാനത്തിരിക്കുന്നവനും തന്റെ കൂട്ടുകാരന്റെ അടുക്കൽ നടത്താവുന്ന ഫലപ്രദമായ ഒരു വേലയത്രെ ഇതു്. (6) അനേകം പാപികൾ സ്വർഗ്ഗീയപൗരന്മാരായിത്തീരുവാനിടയാകുന്ന വേലയത്രെ ഇതു്. (7) സുവിശേഷവേലയിൽ നമ്മുടെ ജനത്തിനു് ബാധിച്ചിരിക്കുന്ന പരിതാപകരമായ അനാസ്ഥ ക്രമംകൊണ്ടു് പരിഹരിക്കപ്പെടും. (8) അവരവരിലുള്ള ദൈവഭക്തി വർദ്ധിക്കുന്നതിനു് ഇതൊരു മാർഗ്ഗമത്രെ. (9) രോഗികളേയും വ്യസനത്തിലിരിക്കുന്നവരേയും ചെന്നുകണ്ടു് ആശ്വസിപ്പിക്കുന്ന ഒരു വേലയാകയാൽ അനേക ഹൃദയങ്ങൾക്കു് ആശ്വാസം ഉണ്ടാക്കുന്ന വേലയത്രെ. (10) വിശ്വാസികൾക്കുതന്നെ പരസ്പരം ധൈര്യവും സ്ഥിരതയും പ്രോത്സാഹനവും ഉണ്ടാക്കുന്ന ഒരു വേലയത്രെ.

കാലോചിതമായ മിഷ്യനറി ഉണർവ്വു്

(Fr. V. C. Gheevarghese B. A.)

"Creation is the sign of life, not repitition & imitation." "ജീവന്റെ ലക്ഷണം സൃഷ്ടിപരമായ പരിപാടി ഉണ്ടായിരിക്ക എന്നുള്ളതാണു്. അല്ലാതെ പഴയതിനെമാത്രം ആവർത്തിക്കുന്നതൊ അനുകരിച്ചുകൊണ്ടിരിക്കുന്നതൊ അല്ല." യേശുക്രിസ്തുവിന്റെ സർവ്വലോകവീക്ഷണം അദ്ദേഹത്തിന്റെ അനുചരന്മാർക്കുണ്ടായിരിക്കണമല്ലൊ. സത്യത്തിലും ആത്മാവിലും ഉള്ള ദൈവാരാധനയും മനുഷ്യരോടുള്ള സദ്പെരുമാററങ്ങളും മതത്തിൽനിന്നും മാറിപ്പോയാൽ ആ മതം ചീഞ്ഞു് നാറിത്തുടങ്ങും. മതത്തിന്റെ അചാരാനുഷ്ഠാനങ്ങളെക്കാൾ ഘനമേറിയവ ദൈവസ്നേഹത്തിൽനിന്നും ഉളവാകുന്ന സത്യമായ ആരാധനയും പരോപകാരപ്രദമായ സേവനങ്ങളുമാണു് (മത്താ: 22: 37-39; മർക്കൊ: 12: 30-31) ക്രിസ്ത്യനികളുടെ പരസ്പരവിദ്വേഷങ്ങൾ, നിസ്സാരങ്ങളായ കാര്യങ്ങളെ ആകാശത്തോളം ഉയർത്തി, പിളപ്പു് വരുത്തുന്ന ദുർവ്വാശികൾ, മാലാഖമാർക്കു് ചിറകു് എത്രയെന്നും എത്ര വിരൽകൊണ്ടു് കുരിശു വരയ്ക്കണമെന്നും തീരുമാനിയ്ക്കേണ്ടതിലേക്കു് മുഷ്ടിചുരുട്ടി യുദ്ധം ചെയ്യുന്നവരോടു് ക്രുദ്ധിക്കുന്ന കിരാതസമ്പ്രദായങ്ങൾ, സ്വർഗ്ഗത്തിലെ സംസാരഭാഷ ഏതാണെന്നു് യുദ്ധംചെയ്തു് നിശ്ചയിക്കാൻ തുടങ്ങുന്ന അന്ധത നിറഞ്ഞ ദുർവ്വൈരാഗ്യങ്ങൾ, നല്ല ശമറിയാക്കാരന്റെ നീതിയെ മറന്നു് സ്വന്തകാര്യം മാത്രം നോക്കി കടന്നുപോയ പുരോഹിതന്റേയും ലേവ്യന്റേയും സമ്പ്രദായങ്ങൾ അന്ധവിശ്വാസംകൊണ്ടു് മലിനമാക്കപ്പെട്ട മൂഢഭക്തിയുടെ വിക്രിയകൾ എന്നിവയെല്ലാം ക്രൂടിച്ചേർന്നു് യേശുനാഥനു് ലോകോദ്ധാരണം നടത്തുന്നതിനു് പ്രതിബന്ധങ്ങളായി അണിനിരക്കുന്നു. "Reason was enchained, thought was enslaved, and knowledge made no progress" വിവേകത്തെ ബന്ധനത്തിലിട്ടു്, ചിന്താശക്തിയെ അടിച്ചമർത്തി, സത്യത്തിന്റെ പരിജ്ഞാനം വളർത്തുവാനസാദ്ധ്യമായ ചുററുപാടുകൾ സൃഷ്ടിച്ചുവെന്നു് നമ്മെപ്പററി അപലപിക്കുവാൻ സംഗതിയാകാതെ നാം ഉണരണം. മനുഷ്യരുടെ സകലവിധ നീതിയായ പുരോഗമനത്തിലും മതം സഹായിക്കേണ്ടതിനു പകരം മനുഷ്യരെ അസത്യവാദികളും, സ്വാർത്ഥന്മാരും, അലസന്മാരും, സഹോദരവിദ്വേഷികളും ആക്കുവാൻ തക്കവണ്ണം അധഃപതിച്ചാൽ അതിന്റെ അവസ്ഥയെപ്പററി എത്ര വിലപിച്ചാലും മതിയാകയില്ല. "കാലോചിതമായ നിയമങ്ങളും നടപടികളും അതിൽ ക്രമപ്പെടുത്തുവാൻ അതിന്റെ ഭരണക്കാർക്കു് നീ ബോധജ്ഞാനം കൊടുക്കണമെ" എന്നു് സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയിൽ എഴുതിയിരിക്കുന്നതു് കാലദേശജാതിപരമായ സംസ്കാരങ്ങൾക്കും ആവശ്യങ്ങൾക്കും ഒത്തവണ്ണം ക്രിസ്തുവിന്റെ അചഞ്ചലമായ അടിസ്ഥാനതത്വത്തിൽനിന്നും, തന്റെ സഭയുടെ വിശ്വാസമർമ്മങ്ങളിൽനിന്നും, മാറാതെ നടപ്പിലാക്കേണ്ട സൃഷ്ടിപരമായ പരിപാടികളെ ഉദ്ദേശിച്ചുംകൂടിയല്ലയൊ? ക്രിസ്തു ഒരു നിയമപുസ്തകം എഴുതിത്തരാതെ സകല സത്യത്തിലും സഭയെ വഴിനടത്താൻ ജീവനുള്ള പരിശുദ്ധാത്മാവിനെ സഭയ്ക്കു് തന്നിരിക്കുന്നതു് കാലോചിതമായ രീതികൾ ഏർപ്പെടുത്തുവാനല്ലയൊ? ഇപ്രകാരം പുതുക്കിക്കൊണ്ടിരിക്കേണ്ട സംഗതികളെ പുതുക്കാതെ സങ്കുചിതാവസ്ഥയിൽ ഒരു ജനസമുദായം ആകമാനം എത്തിച്ചേർന്നാൽ അതിന്റെ പുരോഗമനം അസ്തമിച്ചു.

നമ്മുടെ സമുദായത്തിനകത്തും അതിനു പുറത്തും എവിടെ വാതിൽ തുറക്കുന്നുവൊ, അവിടെ എല്ലാംതന്നെയും ലോകത്തിനു് വെളിച്ചവും ജീവനുമായിരിക്കുന്ന യേശുക്രിസ്തുവിനെ എത്രത്തോളം മഹത്വപ്പെടുത്താമൊ അത്രത്തോളം സാധിക്കുന്നതിനു് നമ്മുടെ മലങ്കരസഭ ഒരു മിഷ്യനറി ഉണർവ്വിലേക്കു് കുതിക്കേണ്ടതാകുന്നു. യേശുക്രിസ്തുവിനു് ഇന്നത്തെ ലോകത്തെ ഉദ്ധരിക്കുന്നതിനു് നമ്മുടെ സഭ ഒരു സഹപ്രവർത്തക എന്ന നിലയിൽ ഉയരുവാൻ തക്കവണ്ണം അഖിലലോകവീക്ഷണമുള്ള മഹാശയന്മാർ നമ്മുടെ സഭയിൽനിന്നും എഴുന്നേല്ക്കേണ്ടതാകുന്നു. മുഖം കൂർപ്പിച്ചു് ചിരിക്കാതേയും, അധികം സംസാരിക്കാതേയും ഇരുന്നാൽ ഭക്തനായി എന്നു വിചാരിക്കുന്ന അന്ധവിശ്വാസത്തിന്റെ അടിത്തട്ടിൽനിന്നും നാം ഉയർന്നു്, സകല മനുഷ്യർക്കും ആത്മശരീരമനസ്സുകളിൽ സുഖം വളർത്തുവാനുള്ള സേവനജീവിതത്തിന്റെ ദർശനത്തിലേക്കു് "ഇവക്കു ചെയ്യുതു് എനിയ്ക്കു ചെയ്തു" എന്നു് അരുളിച്ചെയ്യുന്ന യേശുക്രിസ്തുവിന്റെ ശുശ്രൂഷാപരിപാടിയിലേയ്ക്കുതന്നെ നമ്മുടെ സമുദായം കൂടുതൽ ശ്രദ്ധപതിപ്പാൻ അത്യാവശ്യം വന്നിരിക്കുന്നു. "ശാസ്ത്രംകൊണ്ടേ ഇനി ലോകം രക്ഷപ്പെടൂ" എന്നു് ഇക്കാലത്തു് അനേകരും ചിന്തിച്ചു തുടങ്ങുവാനുണ്ടായ കാരണം, മതം അതിന്റെ ആദർശത്തിൽനിന്നും വ്യതിചലിച്ചു് ആചാരാനുഷ്ഠാനങ്ങളുടെ ഒരു സംഘടന മാത്രമായി അധഃപതിക്കാൻ തുടങ്ങിയതുകൊണ്ടാണു്. നമ്മുടെ സമുദായത്തിലെ ഈ തീരാവഴക്കിന്റെ കാരണം, നമുക്കു് എവിടെവച്ചു് എന്തു ശാപം കിട്ടിയിട്ടാണെന്നു് പലരും നിരാശയോടെ ചോദിക്കുന്ന ഇത്തരുണത്തിൽ, ഇന്നത്തെ രോഗം എത്ര കഠിനമാണെങ്കിലും ക്രിസ്തുവിന്റെ ജീവനും, ആദർശത്തിന്റെ ഉയർന്ന മാനദണ്ഡവും നോക്കിക്കൊണ്ടു് മിഷ്യനറിപരമായ ഒരു ആകമാനഉണർവ്വു്, നമ്മുടെ സമുദായത്തിൽ, തീ കത്തിപ്പടരുന്നതുപോലെ പരത്തുവാൻ സാധിക്കുന്നപക്ഷം ഒരു വലിയ ഉന്മേഷം ജനമദ്ധ്യത്തിൽ ഉളവാകുന്നതും അതു വളരെ മുമ്പോട്ടു് നമ്മെ നീക്കുന്നതുമാണെന്നത്രെ എനിക്കു് പറയുവാനുള്ള ഉത്തരം. നമ്മുടെ സഭയുടെ സവിശേഷമായ ആരാധനയും കൃപാമാർഗ്ഗസിദ്ധാന്തങ്ങളും കേവലം മനുഷ്യർ ദുരുപയോഗപ്പെടുത്താതെ അവ എങ്ങിനെ ദൈവസംസർഗ്ഗവും ക്രിസ്തീയജീവന്റെ സമൃദ്ധിയും പ്രാപിക്കുവാൻ ഉപയോഗപ്പെടുത്തുന്നതിനു് സാധിക്കുമെന്നു് വിശദപ്പെടുത്തി കാലോചിതമായ ഒരു മിഷ്യനറി ഉണർവ്വു് സമുദായത്തിൽ വളർത്തുന്നതിനു് നാം ശ്രമിക്കേണ്ടതാണു്. കുമ്പസാരം, കുർബ്ബാന മുതലായ കൂദാശകളെ വേണ്ടപോലെ സ്വീകരിച്ചു് ദൈവസംസർഗ്ഗം അഭിവൃദ്ധിപ്പെടുത്തുവാൻതക്ക ഉത്തമമുഖാന്തിരങ്ങളായി അവയെ ഉപയോഗപ്പെടുത്തേണ്ടതാകുന്നു. ചിന്താശക്തിയുള്ളവക്കു് വിവേകത്തിനും (Reason) മനസ്സാക്ഷിക്കും (Conscience) സ്വാതന്ത്ര്യബുദ്ധിക്കും (Freewill) യോജിച്ചതായ വിധത്തിൽ സഭയുടെ തത്വങ്ങളെ വ്യാഖ്യാനിച്ചുകൊടുക്കുന്നതിനു് ശ്രമിക്കാത്തപക്ഷം വിശ്വാസത്തിൽ ആത്മാർത്ഥമായി ഉറച്ചുനില്ക്കുവാൻ സാധിക്കാതെ, ആളുകൾ ഇതര ചിന്താഗതിയിൽ ചെന്നുചേരുമെന്നുള്ളതു് സഹതാപബുദ്ധ്യാ മനസ്സിലാക്കി പ്രവർത്തിക്കേണ്ടതു് ആവശ്യമാണു്. ലോകത്തിൽ ശാസ്ത്രവും തത്വജ്ഞാനവും അറിവിനെ വർദ്ധിപ്പിച്ചിരിക്കയാൽ അവയെ അവഗണിക്കാൻ തുനിയാതെ, അവയോടു് യോജിച്ചുതന്നെ മതതത്വങ്ങൾക്കു് എങ്ങിനെ നില്ക്കുവാൻ കഴിയുമെന്നു് വെളിവാക്കേണ്ട ചുമതല അനുഭവമുള്ള മതോപദേഷ്ടാക്കന്മാർക്കുണ്ടു്. ഒരു പുതിയ തത്വജ്ഞാനംമൂലം അജ്ഞാനത്തെ നീക്കി മനുഷ്യരെ പുരോഗമിപ്പിക്കാമെന്നല്ല, പിന്നെയൊ സത്യത്തിന്റെ പരിജ്ഞാനം ലഭിക്കുന്നതോടുകൂടെ ദൈനംദിനജീവിതത്തിൽ, ജീവനുള്ളവനും ആത്മീയമായി സംസർഗ്ഗം ചെയ്യാവുന്നവനും ആയ അക്ഷയനായ ഗുരു യേശുക്രിസ്തുതന്നെ, പ: ആത്മാവു് മുഖാന്തിരം നമ്മെ നയിക്കുന്ന ഒരു ജയജീവിതത്തിന്റെ സുവിശേഷം എത്രയും ശക്തിയായി മനുഷ്യഹൃദയത്തിൽ ദൃഢതരമാക്കേണ്ടതാണു്. മരിച്ചുകഴിഞ്ഞാൽ മോക്ഷം തരുന്ന കർത്താവിനെ മാത്രം ഇന്നത്തെ വിദ്വൽലോകത്തിനു് കാണിച്ചുകൊടുത്താൽ സംതൃപ്തിപ്പെടുകയില്ലെന്നുള്ളതു് വിവരമുള്ളവരോടു് സുവിശേഷം അറിയിക്കാൻ ഭാഗ്യം സിദ്ധിച്ചിട്ടുള്ളവക്കു് അറിയാവുന്ന കാര്യമാണു്. "നിന്റെ രാജ്യം വരേണമെ" എന്നു് പ്രാർത്ഥിക്കാൻ പഠിപ്പിച്ചവൻ ദൈവരാജ്യം ലോകത്തിൽ വരുത്തുവാൻ നമ്മുടെ സഹകരണം എത്രയും ആഗ്രഹിക്കുന്നുവെന്നു് മനസ്സിലാക്കുവാൻ പ്രയാസമില്ല. അതിനാൽ ദൈവരാജ്യം ഇഹത്തിൽ എത്രത്തോളം നടപ്പിലാക്കാമൊ അത്രത്തോളം നടപ്പിലാക്കിത്തീർക്കുന്നതിനു്, മനുഷ്യർക്കു് ഭക്ഷണവും, വസ്ത്രവും, ഭവനവും, ചികിത്സയും, വിദ്യാഭ്യാസവും, സത്യവും, നീതിയും, സമാധാനവും, പരിശുദ്ധാത്മാവിൻ സന്തോഷവും ഉളവാക്കുവാൻ നമ്മുടെ സഭ ഒരു മുഖാന്തിരമായി തീരുന്നതിനു് അതിലെ ഓരോ അംഗവും യത്നിക്കേണ്ടതാകുന്നു. യേശുക്രിസ്തുവിനെ കൂടാതെ ഒരു വ്യക്തിയുടേയൊ, സമുദായത്തിന്റേയൊ, രാഷ്ട്രത്തിന്റേയൊ പൂർണ്ണത കൈവരികയില്ലാത്തതിനാൽ നമ്മുടെ സ്വന്തജീവിതത്തിലും, മററുള്ളവരുടെ ജീവിതത്തിലും മരിച്ചശേഷമല്ല, ഇപ്പോൾതന്നെ ജീവനുള്ള യേശുക്രിസ്തുവിനെ ഒരു ആത്മീയപ്രചോദനമായി അനുഭവപ്പെടുത്തുവാൻ സമുദായത്തെ ഉണർത്തുന്നതിനു് അതിലെ സുവിശേഷകന്മാർ കരുതേണ്ടതാകുന്നു.

നമ്മുടെ സമുദായത്തിന്റെ മിഷ്യനറിപരമായ ആലസ്യം നമുക്കു് നീക്കിക്കളയാം. ലോകത്തിലെ മററു ക്രിസ്തീയ വകുപ്പുകാരുടെ പുരോഗതിക്കു കാരണം അവരുടെ മിഷ്യൻവേലയാണു്. അതു് അവരെ ഒരു മഹത്തായ ആദർശത്തിനുവേണ്ടി സംഘടിക്കുന്നതിനും, അവരുടെ കഴി

വുകളെ ഒരു മഹാ സേവനത്തിന് സമൎപ്പിക്കുന്നതിനും പ്രേരിതരാക്കുന്നു. സുവിശേഷവേലയ്ക്കുള്ള അനൌത്സുക്യം ക്രിസ്തീയ ജീവിതത്തിന്റെ കുറവിനെത്തന്നെയാണ് പ്രത്യക്ഷപ്പെടുത്തുന്നതു്. ആൎക്കു് ക്രിസ്തുവിന്റെ ജീവനുണ്ടോ, അയാൾക്കു് ക്രിസ്തുവിനെ സാക്ഷിക്കാതെ അടങ്ങിയിരിപ്പാൻ അസാദ്ധ്യമാണു്. ആ അനുഭവമില്ലാത്തവൎക്കു് ഈ കാൎയ്യം ഗ്രഹിപ്പാൻ പ്രയാസംതന്നെ. ജീവജലനദിയായി നമ്മിൽനിന്നു് ജീവൻ പ്രവഹിക്കുന്നില്ലെങ്കിൽ എന്തൊ സ്വാൎത്ഥത നമ്മുടെ ജീവിതത്തിൽ വന്നുചേൎന്നിട്ടുണ്ടെന്നുള്ളതു് കണിശമാണു്. സുവിശേഷവേലയിൽ വിരക്തി ആരിൽ കാണുന്നുവൊ അയാൾ കാണിക്കുന്ന ഭക്തികൾ മൂഢഭക്തിയൊ, കപടഭക്തിയൊ ആണു്. സുവിശേഷവേലയെ ശരീരംകൊണ്ടും, പണംകൊണ്ടും, സ്വാധീനംകൊണ്ടും, ബുദ്ധികൊണ്ടും മററു് ഏതുവിധത്തിലായാലും പ്രോത്സാഹിപ്പിക്കുന്നവർ സ്വന്തരക്ഷയുടെ വേലിയെ ബലപ്പെടുത്തുന്നവരാകുന്നു. സുവിശേഷവേലയിൽ പങ്കില്ലാത്തവൻ ഒരു താലന്തു് കുഴിച്ചിട്ട ദുഷ്ടദാസനോടു് സദൃശനാണു്.

മലങ്കര യാക്കോബായ സുറിയാനി സമുദായാംഗങ്ങളെ! നമ്മുടെ നിദ്രയിൽനിന്നും ഉണരുവാൻ സമയമായിരിക്കുന്നു. ഓരോരുത്തർ അവരവരുടെ ചുററുപാടുകളിലും ആളാംപ്രതി വേലക്കാരായിത്തീരുവിൻ. സുവിശേഷയോഗങ്ങൾ നടത്തുകയും നടത്തിക്കുകയും ചെയ്യുവിൻ. മിഷ്യൻപ്രവൎത്തനങ്ങളെ സന്തോഷത്തോടെ സഹായിക്കുവിൻ, സന്നദ്ധരാകുവിൻ! ദൈവരാജ്യം പ്രചരിപ്പിക്കുന്നതിനു് നമ്മുടെ ഹൃദയത്തിൽ ഉണൎവ്വിന്റെ അഗ്നി കത്തിക്കാളട്ടെ. പള്ളിക്കാരെ! നിങ്ങളുടെ പണഭണ്ഡാരം തുറന്നു് സുവിശേഷവേലയ്ക്കായി ലോഭം കൂടാതെ കൊടുപ്പിൻ. ധനവാന്മാരെ! നിങ്ങളുടെ പണപ്പെട്ടികൾ തുറന്നു് സന്തോഷത്തോടെ സുവിശേഷപ്രവൎത്തനങ്ങളെ പുരോഗമിപ്പിക്കുവിൻ. ശമ്പളക്കാരെ! നിങ്ങളുടെ ശമ്പളത്തിന്റെ ദശാംശം ഇല്ലെങ്കിലും ശതാംശം ഒരു കൃത്യം വച്ചു് മിഷ്യൻവേലയ്ക്കായി മാററിവയ്ക്കുവിൻ. കൃഷിക്കാരെ! നിങ്ങൾക്കു് ഓരോ കൃഷി എടുപ്പു സമയത്തും കിട്ടുന്നതിന്റെ ആയിരത്തിലൊന്നെങ്കിലും കൃത്യമായി സുവിശേഷപ്രവൎത്തനങ്ങൾക്കായി നീക്കിവെയ്ക്കുവാൻ മനസ്സുണ്ടാകുവിൻ. ചെറിയ കച്ചവടക്കാരെ! നിങ്ങൾ ആഴ്ചതോറും ഒരു ചെപ്പിൽ അരചക്രമെങ്കിലും ഇട്ടു് കൊല്ലാവസാനത്തിൽ മിഷ്യൻവേലയ്ക്കു് അയച്ചുകൊടുപ്പിൻ. തോട്ടക്കാരെ! നിങ്ങൾക്കു ലഭിക്കുന്ന ഓരോ നൂറു രൂപായ്ക്കും ഓരോന്നെങ്കിലും ദൈവരാജ്യപ്രചരണത്തിനുവേണ്ടി ഒരു നിഷ്ഠയോടെ കൊടുക്കുവാൻ താല്പൎയ്യം കാണിക്കുവിൻ. മാന്യമഹതികളെ! നിങ്ങൾ പിടിയരി മാററിവച്ചു് അതിന്റെ പണം ക്രിസ്തീയവേലയ്ക്കായി കൊടുക്കുവിൻ. ഓരൊ പള്ളിയുടേയും ചുമതലക്കാരെ! നിങ്ങളുടെ പള്ളിയിൽ തുടൎച്ചയായി ഏതെങ്കിലും മൂന്നു ഞായറാഴ്ച മിഷ്യൻവേലയ്ക്കായി കാണിക്കശേഖരം ചെയ്തു് പള്ളിയിൽനിന്നും ഒരു തുകകൂടി ചേൎത്തു് ക്രിസ്തീയാദൎശപ്രചരണത്തിനായി ശുഷ്കാന്തിയോടെ കൊടുപ്പിൻ. ബ: പട്ടക്കാരെ! ജനങ്ങളെ മിഷ്യനറി വേലയ്ക്കായി ഉണൎത്തുവാൻ നിങ്ങൾ പ്രബോധനങ്ങൾ കൊടുക്കണമെ. മനസ്സുമാത്രം ഉണ്ടെങ്കിൽ നമ്മുടെ സഭയിലുള്ള എല്ലാ ക്രിസ്ത്യൻ വേലകൾക്കും വേണ്ടി കൊടുപ്പാൻ ആവശ്യമുള്ള പണം നമുക്കു് തീൎച്ചയായും ഉണ്ടു്. മനസ്സു് ഒന്നുമാത്രം ഉണ്ടായാൽ മതി. സുവിശേഷവേലയ്ക്കായി കൊടുത്തു് ആരും നശിച്ചുപോയിട്ടില്ല. അതുമൂലം ഒരുവന്റെ ന്യായമായ ആവശ്യം മുടങ്ങിപ്പോയിട്ടുമില്ല. പലതുള്ളി പെരുവെള്ളം. ഒരുവനെങ്കിലും ഒരുവളെങ്കിലും നമ്മുടെ സഭയിലെ മിഷ്യൻ പ്രവൎത്തനങ്ങൾക്കു് എന്തെങ്കിലും കൊടുത്തില്ലായെന്നു് പറയുവാൻ ഇടവരാതിരിക്കട്ടെ. സകല പള്ളികളും അധികമായൊ അല്പമായൊ മിഷ്യൻവേലയ്ക്കു് കൊടുക്കുന്ന ഒരു കണക്കു് നിശ്ചയമായും തൻകൊല്ലത്തെ ചെലവിനത്തിൽ കാണുന്ന കാലം സുറിയാനിക്കാൎക്കുണ്ടാകട്ടെ. ഓരോരുത്തരുടെ മാതൃക മററുള്ളവൎക്കു് പ്രചോദനമുണ്ടാക്കട്ടെ. സുവിശേഷവേലയ്ക്കായി കൊടുക്കുന്നതു് നമ്മുടെ ജീവിതത്തിന്റെ ഒരാവശ്യമായിതോന്നുന്ന കാലം എന്നു് നമുക്കു വരുന്നുവൊ അന്നു് നമ്മുടെ സമുദായത്തിന്റെ ശോഭനഭാവി ഉദിച്ചു. മനുഷ്യരെ നശിപ്പിക്കാനല്ല, രക്ഷിപ്പാനാണു് അധികം പണം ചെലവിടേണ്ടതു്. സകല സേവനത്തിനും പണം ആവശ്യമാണു്. എന്തെന്നാൽ, പണമെന്നു പറയുന്നതു്, പ്രയത്നത്തെ സംഭരിച്ചു വച്ചിരിക്കുന്നതും ആവശ്യാനുസരണം വിതരണം ചെയ്യാവുന്നതുമായ ഒരു ഉപാധിയാണു്. പണം പിശാചല്ല. അതിനെ പൈശാചികമായി ഉപയോഗിക്കുമ്പോഴത്രെ നാശകരമാകുന്നതു്. അതിനെ ഉപയോഗിക്കുന്ന മനുഷ്യന്റെ ഹൃദയസ്ഥിതിക്കനുസരണമായി അതു് നന്മയേയൊ തിന്മയേയൊ ഉളവാക്കുന്നു. അതിനാൽ നിങ്ങളുടെ പണം ഏററവും നന്മയ്ക്കായി ചെലവിടുവിൻ. നിങ്ങൾതന്നെ ദൈവത്തോടു പ്രാൎത്ഥിച്ചു് ഏതെല്ലാം സുവിശേഷപ്രവൎത്തനങ്ങൾക്കു് എത്ര വീതം ആണ്ടുതോറും കൊടുക്കണമെന്നു് തീരുമാനിപ്പിൻ. ക്രിസ്തുവിനേയും തന്റെ രാജ്യത്തേയും പ്രചരിപ്പിക്കുന്നതിലേയ്ക്കായിട്ടാണൊ കൊടുക്കുന്നതു് എന്നു് പരിശുദ്ധാത്മപ്രകാശത്തിൽ പരിശോധിക്കുവിൻ.

“ആകയാൽ എന്റെ പ്രിയ സഹോദരരെ! നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കൎത്താവിൽ വ്യൎത്ഥമല്ല എന്നു് അറിഞ്ഞിരിക്കുന്നവരുമാകയാൽ കൎത്താവിന്റെ വേലയിൽ എപ്പോഴും വൎദ്ധിച്ചുവരുന്നവരും ആകുവിൻ” 1 കോറി. 15: 58.

യഹോവായുടെ ഭുജം.

(കെ. വി. കുര്യൻ, മഴവന്നൂർ)

യഹോവായുടെ ഭുജം ആൎക്കു് വെളിപ്പെട്ടിരിക്കുന്നു? അവ ഇളയ തൈപോലെയും വരണ്ട നിലത്തു നിന്നും വേർ മുളയ്ക്കുന്നതുപോലെയും അവന്റെ മുമ്പാകെ വളരും. യെശ. 53: 1-2.

ഈ പ്രസ്താവന കൎത്താവായ യേശുക്രിസ്തുവിനെക്കുറിച്ചാണു്. ‘അവൻ’ എന്ന പദം യഹോവായുടെ ഭുജം എന്ന വാക്കിനെ തുടൎന്നു വരുന്നു. ആകയാൽ യഹോവായുടെ ഭുജം എന്ന പ്രസ്തുത പ്രസ്താവന, ക്രിസ്തുവിനെ ദൈവശക്തിയുടെ സ്ഥാനത്തു് വ്യക്തമാക്കുന്ന ഒരു പ്രതിരൂപമായി യഹോവായുടെ ഭുജത്തിന്റെ വിവിധ വശങ്ങളെ (വെളിപ്പാടുകളെ) സംബന്ധിക്കുന്ന തിരുവചനത്തിൽനിന്നും സ്വല്പം വിവരിക്കുവാനാണു് ഈ ലേഖനംകൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. ഈ ഭുജത്തിന്റെ ഏഴുവിധത്തിലുള്ള വെളിപ്പാടുകളെക്കുറിച്ചു് തുടൎച്ചയായി എഴുതുവാൻ വിചാരിക്കുന്നുണ്ടു്.

1. യഹോവായുടെ ഭുജം നഗ്നമാക്കപ്പെട്ടിരിക്കുന്നു.

യെശ. 52: 10. പ്രഥമമായും പ്രധാനമായും പറയാനുള്ളതു് ഇതാണു്. ശക്തിയുടേയും അധികാരത്തിന്റേയും ലക്ഷ്യമായി ദൈവത്തോടു് സംഘടിക്കപ്പെട്ടിരുന്ന അവന്റെ ഭുജം കാൽവറിയിൽ നഗ്നമാക്കപ്പെട്ടിരിക്കുന്നു. അവൻ ജഡത്തിൽ വെളിപ്പെട്ടുവെന്നു് നാം വായിക്കുന്നു. യഹോവായുടെ ഭുജത്തെ (ക്രിസ്തുവിനെ) കാൽവറിയുടെ ഉന്നതത്തിൽ വാനചിരിവിൽ–നഗ്നമാക്കപ്പെട്ട ചിത്രം, മനുഷ്യാ! നിന്റെ ആന്തരീയ കണ്ണുകൾക്കു മുമ്പാകെ പ്രകാശിപ്പിക്കണമെന്നുള്ളതു ദൈവത്തിന്റെ പരമോദ്ദേശങ്ങളിൽ ഒന്നാണു്. വി. ബൈബിൾ നാം പഠിക്കുമ്പോൾ, മനുഷ്യർ ദൈവത്തോടു് ആദ്യമായി പറയുന്ന വാചകം “ഞാൻ നഗ്നനാകകൊണ്ടു് ഒളിച്ചു” എന്നാണു്. ദൈവം സൃഷ്ടിച്ചപ്പോൾ തന്നെ അവർ നഗ്നരായിരുന്നു. അവൎക്കു് നാണം തോന്നിയിരുന്നില്ല എന്നും ഉല്പ. 2: 25-ൽ പറയുകയും ഇതിനകം ദൈവസന്നിധിയിൽ സങ്കോചം കൂടാതെ ചെല്ലുകയും ഒരുമിച്ചു് നടക്കുകയും ചെയ്തിരിക്കെ, ഇപ്പോൾ എന്തുകൊണ്ടാണു് തങ്ങൾ നഗ്നരെന്നു പറഞ്ഞു് വൃക്ഷങ്ങളുടെ മറവിൽ ഒളിച്ചിരിക്കുന്നതു്? ഇതിന്റെ ശരിയായ കാരണം: ഉല്പ. 3: 7 വായിക്കുമ്പോൾ സ്ഫടികസ്ഫുടം പ്രകാശിച്ചു കാണാവുന്നതാണു്. ഉടനെ ഇരുവരുടേയും കണ്ണുകൾ തുറന്നു് തങ്ങൾ നഗ്നരെന്നറിഞ്ഞു് അത്തിയിലകൊണ്ടു് ആടയുണ്ടാക്കി തങ്ങളെതന്നെ മറച്ചു. ഇതിൽനിന്നും രണ്ടു കാൎയ്യങ്ങൾ പ്രത്യക്ഷപ്പെടുന്നു. ഒന്നാമതു് “അവർ നഗ്നരായിരുന്നെങ്കിലും അവൎക്കു് നാണം തോന്നിയില്ലതാനും” എന്നു് തിരുവചനത്തിൽ എഴുതപ്പെട്ടിരിക്കുന്നു. തങ്ങൾ നഗ്നരെന്നു് അറിഞ്ഞിട്ടും അവൎക്കു് നാണം തോന്നാതിരുന്നു എന്നല്ല, പ്രത്യുത അവർ നഗ്നരെങ്കിലും ദൈവതേജസ്സിനാൽ ഉടുക്കപ്പെട്ടിരുന്നതുകൊണ്ടു് അതു് അവർ അറിഞ്ഞില്ല എന്നായിരിക്കണം. ഇങ്ങനെ എല്ലാവരും പാപംചെയ്തു് ദൈവതേജസ്സു് ഇല്ലാത്തവരായിതീൎന്നുവെന്നു് റോമാ ലേഖനകൎത്താവു് പറയുന്നു. ആകയാൽ പാപം നിമിത്തം മനുഷ്യനു് സംഭവിച്ച വിലയേറിയ ഒരു നഷ്ടം, ദൈവതേജസ്സു് അവനിൽനിന്നും മാറിപ്പോയി എന്നുള്ളതാണു്. ഈ പാപശരീരത്തിനു് മാററം വരികയും പാപലോകത്തിൽനിന്നു് മാററപ്പെടുകയും ചെയ്യുന്ന ദൈവമക്കൾ വീണ്ടും ഈ വിലയേറിയ അവകാശം പ്രാപിക്കുമെന്നു് വി. പൗൽ പറയുന്നുണ്ടു്. (റോമ. 8: 18) ആകയാൽ ദൈവതേജസ്സിനാൽ ഉടുക്കപ്പെട്ടിരുന്ന ആദാം പാപം ചെയ്യുന്നതിനു മുമ്പു് നഗ്നനാണെന്നു് അറിഞ്ഞില്ലെന്നു് ന്യായമായി നമുക്കു് അനുമാനിക്കാം. എന്നാൽ രണ്ടാമതായി നമുക്കു് പഠിക്കുവാനുള്ളതു്, അവരുടെ കണ്ണുകൾ തുറന്നു് അവർ നഗ്നരെന്നറിഞ്ഞു എന്നുള്ളതാണു്. ഇതിൽനിന്നും പാപം ചെയ്യുന്നതുവരെയ്ക്കും അവർ അന്ധരായിരുന്നുവെന്നു് വിചാരിക്കുന്നുവെങ്കിൽ അതു് ബുദ്ധിശൂന്യതയായിരിക്കും. എന്നാൽ അവരുടെ കണ്ണുകൾ തുറന്നുവെന്നുള്ളതിൽനിന്നു് നാം എന്താണു് മനസ്സിലാക്കേണ്ടതു്? കണ്ണുകൾ തുറന്നുവെന്നു മാത്രമല്ല, അവർ നഗ്നരെന്നറിയുകയും ചെയ്തു. ഈ സംഗതി ഒരു ഉദാഹരണംകൊണ്ടു് ഞാൻ വെളിപ്പെടുത്തട്ടെ. പകൽസമയത്തു് സൂൎയ്യൻ അത്യുഗ്രമായി പ്രകാശിക്കുമ്പോൾ വാനവിരിവിൽ അനേകായിരം നക്ഷത്രങ്ങളുണ്ടെങ്കിലും അവ നമ്മുടെ കണ്ണുകൾക്കു് ദൃശ്യമാകുന്നില്ല. എന്നാൽ സൂൎയ്യൻ നമ്മുടെ കണ്ണുകളിൽനിന്നു് മറയുകയും സൂൎയ്യപ്രകാശം അഥവാ തേജസ്സു് വാനവിരിവിൽനിന്നു് മറയ്ക്കപ്പെടുകയും ചെയ്യുമ്പോൾ നക്ഷത്രങ്ങൾ ജ്വലിച്ചു് പ്രകാശിക്കുന്നതും

നമുക്ക് കാണുവാൻ കഴിയും. ഏതാണ്ട് ഇപ്രകാരംതന്നെ നീതിയിൻ സൂര്യനാകുന്ന ദൈവതേജസ്സിനാൽ ഉടുക്കപ്പെട്ടിരുന്ന ആദാമിൽനിന്ന്, പാപത്തിന്റെ ഫലമായി, പ്രസ്തുത തേജസ്സ് നഷ്ടപ്പെടുകയും തൻമൂലം ആത്മീയ കണ്ണുകൾ അന്ധതപ്പെടുന്നതിനും അഥവാ കുരുടാകുന്നതിനും ജഡത്തിന്റെ കന്മഷം നിറഞ്ഞ കണ്ണുകൾ തുറന്ന്, തങ്ങൾ നഗ്നരെന്ന് അറിയുകയും ചെയ്തു. അങ്ങനെ ആത്മീയ ഭരണത്തിൽനിന്നും ദൈവീകനടത്തിപ്പിൽനിന്നും വീണുപോകയും ജഡീകശക്തി രാജത്വം പ്രാപിക്കുകയും ചെയ്തതിന്റെ ഫലമായി, അയ്യോ! ഞാൻ അരിഷ്ടമനുഷ്യൻ, ഈ മരണത്തിന്നധീനമായ ശരീരത്തിൽ നിന്നും എന്നെ ആർ വിടുവിക്കും? ഞാൻ ആഗ്രഹിക്കുന്ന നന്മയല്ല, ആഗ്രഹിക്കാത്ത തിന്മയത്രെ ചെയ്തുപോകുന്നതു് എന്ന് നിലവിളിക്കത്തക്കവണ്ണം ആദാമികശരീരം പോരാട്ടത്തിന്റെ കളരിയായിതീർന്നു. തേജസ്സുകൊണ്ട് അഥവാ മഹത്വംകൊണ്ട് നിറഞ്ഞിരുന്ന ആദാമിന്റെ ശരീരം ഇപ്പോൾ ദൈവമുമ്പാകെ ശിക്ഷാർഹമായ ശരീരമായി മാറപ്പെടുകയും തന്നിമിത്തം ലജ്ജയും സങ്കോചവും നിറഞ്ഞവനായി ഒളിക്കയുമത്രെ ചെയ്തതു്. ആകയാൽ നഗ്നതയെ ലോകത്തിന് വെളിപ്പെടുത്തിയതു് പാപമാകുന്നുവെന്നും നഗ്നതയുടെ പ്രദർശനം പാപത്തിന്റെ ഭയങ്കരഫലമാണെന്നും വ്യക്തമാകുന്നുണ്ട്. ആകയാൽ ദൈവത്തിന്റെ ഭുജം കാൽവറിയിൽ നഗ്നമാക്കി എന്നു പറഞ്ഞാൽ പാപത്തിന്റെ ഭയങ്കര ഫലം കാൽവറിയിൽ നഗ്നമാക്കി എന്നാണ് അർത്ഥം. പാപം ഏദൻ പൂങ്കാവനത്തിൽ വൃക്ഷങ്ങളുടെ മറവിൽ ഒളിക്കയും അത്തിയിലകളാൽ മറയ്ക്കപ്പെടുകയും ചെയ്യുമ്പോൾ കാൽവറിയിലാകട്ടെ, ക്രൂശിൻമുകളിൽ വാനവിരിവിൽ സകല മനുഷ്യരുടേയും കണ്ണുകൾക്കുനേരെ, അവനെ കാണുന്നവർപോലും മുഖം മറയ്ക്കത്തക്കവണ്ണം, പാപം അതിന്റെ ഭയങ്കര ശിക്ഷ അനുഭവിക്കുന്നതായി നമുക്ക് കാണാം. പാപത്തിന് ജഡത്തിൽ ശിക്ഷ വിധിക്കുന്ന ഈ ഭയങ്കരചിത്രം അതിന്റെ യഥാർത്ഥ അവസ്ഥയിൽ ഒന്ന് ദർശിച്ചെങ്കിൽ കൊള്ളാമായിരുന്നു. പാപം ഒരബദ്ധം മാത്രമാണെന്ന് മനുഷ്യൻ പറയുമ്പോൾ, മാനുഷിക പരിശ്രമത്താൽ കഴുകി ശുദ്ധമാക്കുവാൻ കഴിയാത്ത ഒരു അശുദ്ധിയാണെന്ന് ക്രൂശ് വെളിപ്പെടുത്തുന്നു. അതു് ബലഹീനതയാണെന്ന് മനുഷ്യനും ഭയങ്കരമായ അതിക്രമമാണെന്ന് ക്രൂശും പ്രത്യക്ഷപ്പെടുത്തുന്നു. മനുഷ്യദൃഷ്ടിയിൽ പാപം ഒരു കുറവായൊ വൈകല്യമായൊ മാത്രം കാണപ്പെടുമ്പോൾ അതൊരു ഭയങ്കര രോഗമായും തന്മൂലമുള്ള ഉഗ്രതയേറിയ മരണമായും ക്രൂശ് വെളിപ്പെടുത്തുന്നു. ക്രൂശിന്മേൽ കാണുന്നതു് പാപലേശം തീണ്ടാത്ത ദൈവത്തിന്റെ ഏകജാതനായ പുത്രനെങ്കിലും നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേററും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്ന രക്ഷകനെയാണ്. നമ്മുടെ സമാധാനത്തിൻവേണ്ടിയുള്ള ശിക്ഷ അവന്റെ മേൽ ആയി, അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നിരിക്കുന്നു. പാപത്തിന്റെ സർവ്വശക്തിയും തന്മേൽ വഹിക്കുന്നവനായി, പാപമാക്കപ്പെട്ട മ്ശിഹായെയത്രെ നാം ക്രൂശിൽ ദർശിക്കുന്നതു്. ഒന്നാം മനുഷ്യനായ ആദാം മുതൽ ഒടുവിലത്തെ മനുഷ്യൻ വരെയുള്ള സകല മനുഷ്യരുടേയും പാപം ദൈവം അവന്റെമേൽ വഹിച്ചു് പാപത്താൽ നഗ്നമാക്കപ്പെട്ട മ്ശിഹായായി, അവനെ ക്രൂശിൽ നാം കാണണം. സർവ്വ ലോകത്തിന്റേയും നിന്ദയെ വഹിച്ചുകൊണ്ട് അവൻ ക്രൂശിന്മേൽ കയറി, പാപലേശം തീണ്ടാത്ത അവന്റെ ഹൃദയം ഇതാ പാപഭാരത്താൽ തകർന്നിരിക്കുന്നു. പരിശുദ്ധനായവൻ ഇതാ ഒരു പാപിയുടെ മരണത്തെ സമീപിക്കുന്നു. സ്തേഫാനോസ് മുതലായ വിശുദ്ധന്മാർ പുഞ്ചിരിയോടും സംഗീതത്തോടുംകൂടി മരണത്തെ സ്വാഗതം ചെയ്യുമ്പോൾ, ദൈവപുത്രനാകട്ടെ, ക്രൂശിന്മേൽ കിടന്നുകൊണ്ട് ഉഗ്രമായി നിലവിളിക്കുന്നു. എന്റെ ദൈവമെ! എന്റെ ദൈവമെ! എന്നെ കൈവിട്ടതെന്തു്? എന്നാൽ സ്വർഗ്ഗംപോലും ഈ പാപത്തിന്റെ ഭയങ്കരഫലത്തെ കാണുവാൻ കഴിയാതെ മുഖം മറച്ചുകളഞ്ഞു. "ഇവൻ എന്റെ പ്രിയപുത്രൻ; ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്നരുളിച്ചെയ്ത പിതാവായ ദൈവം ഏകജാതന്റെ നിസ്സഹായാവസ്ഥയിൽ ഒന്നും ചെയ്യുവാൻ കഴിയാതെ മൗനം അവലംബിച്ചു. ഈ ഭയങ്കരമായ നഗ്നതയെ ലോകദൃഷ്ടിയിൽനിന്നും മറപ്പാനൊ എന്നു തോന്നുമാറു് സൂര്യൻപോലും തന്റെ മുഖത്തു് മൂടുപടമിട്ടു് അന്ധകാരത്തിൽ ഒളിച്ചു. അവനെ കാണുന്നവർപോലും മുഖം മറച്ചുകളയതക്കവണ്ണം അവൻ അത്രയ്ക്കു് നിന്ദിതനായി. (യെശ. 53: 3.) ദൈവവും മനുഷ്യനും അവനെ കൈവിട്ടു. അവന്റെ പീഢാനുഭവത്തിൽ അവനുണ്ടായിരുന്ന വേദന വെറും ശാരീരികം മാത്രം ആയിരുന്നില്ല. ഹൃദയവേദനയാണ് നാം മുഖ്യമായി കാണുന്നതു്. ഗത്സമനയിലെ പ്രാർത്ഥനയിൽ എന്റെ ഉള്ളം മരണവേദനപോലെ അത്രക്കു് ദുഃഖിതമായിരിക്കുന്നുവെന്ന് അവൻ പറയുന്നു. അതുകൊണ്ടത്രെ അവൻ ക്രൂശിന്മേൻ കിടന്നു് നിലവിളിക്കുന്നതു്. ദാവീദ് കരഞ്ഞുകൊണ്ട് ഒലിവുമലയുടെ കയററം കയറിയപ്പോൾ മുഖം മൂടിയതുപോലെയൊ കുഷ്ഠരോഗി മററുള്ളവരെ കാണുമ്പോൾ അധരം മൂടി അശുദ്ധൻ എന്നു് വിളിച്ചു പറ

യുന്നതുപോലെയൊ തന്നെ ത്യജിച്ചവരെ കാണുവാൻ കഴിയാതെ അവൻ അവരിൽനിന്നും തന്റെ മുഖത്തെ മറച്ചുകളഞ്ഞ ദൈവത്തിന്റെ ഭുജം നഗ്നമാക്കപ്പെട്ടു. ഈ ഭയങ്കര നാഴികയിൽ അവനെ കാണുന്നവർപോലും മുഖം മറച്ചുകളയത്തക്കവണ്ണം അവൻ നിന്ദിതനായിതീർന്നുവെന്ന് പ്രവാചകൻ പറയുന്നു. (യെശ. 53: 3.) പാപത്തിന്റെ ഭയങ്കരമായ ശിക്ഷയിൽ അണുമാത്രം സൗജന്യമെങ്കിലും ലഭിക്കാത്തവനായി, കഷ്ടതയുടെ മുന്തിരിച്ചക്കു് അവൻ ഏകനായി ചവുട്ടി, പാപത്തിന്റെ ഭയങ്കരഫലം ദൈവനീതിയുടെ തിരികല്ലിൽ നിശ്ശേഷം ധൂളിയാക്കപ്പെട്ടു. പാപത്തിന്റെ പരിണതഫലമാണ് കാൽവറിയിൽ കാണുന്നതു്. സ്വന്ത പുത്രനെപ്പോലും ആദരിക്കാതെ മരണത്തിന് ഒഴുക്കികളഞ്ഞ ദൈവത്തിന്റെ പാപത്തോടുള്ള മനോഭാവം എന്താണെന്ന് സകല കണ്ണുകൾക്കും മുമ്പാകെ പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നു. കർത്താവായ യേശുക്രിസ്തു ക്രൂശിക്കപ്പെട്ടവനായി നിന്റെ കൺമുമ്പിൽ വരച്ചു് കാട്ടിയിരിക്കെ, ഇനിയും പാപത്തിൽ ജീവിക്കുന്നുവെങ്കിൽ ഭയങ്കരമായൊരു കോപദിവസവും എതിരാളികളെ ദഹിപ്പിപ്പാനുള്ള ക്രോധാഗ്നിയുമെ ശേഷിച്ചിട്ടുള്ളു. ചുട്ടുകളകയത്രെ അതിന്റെ അവസാനഫലം. യഹോവായുടെ ഭുജം നഗ്നമാക്കിയതിനാൽ ദൈവസ്വഭാവത്തെ അഥവാ ദൈവത്തെതന്നെ യഥാർത്ഥമായി ലോകത്തിന് വെളിപ്പെടുത്തിയിരിക്കുന്നു. കർത്താവായ യേശു ദൈവത്തിന്റെ യഥാർത്ഥ ചിത്രമെങ്കിൽ അഥവാ ജഡത്തിൽ വെളിപ്പെട്ട ദൈവമെങ്കിൽ ക്രൂശ് അതിന്റെ കേന്ദ്രീകരണവും പരസ്യമായ കാഴ്ചയുമത്രെ. ക്രൂശ് പാപം, ശാപം, മരണം, ന്യായവിധി എന്നിവയുടെ പ്രദർശനമെങ്കിൽ പ്രസ്തുത ക്രൂശിൽതന്നെ ദൈവസ്നേഹത്തിന്റെ അഗാധ ഉറവയും നീതിയും കരുണയും തമ്മിൽ ഒരുമിച്ചു് സമ്മേളിക്കുന്നതും കാണുവാൻ കഴിയും.

[തുടരും]

ചോദ്യോത്തരപംക്തി

(എ. എം. ഏലമ്മ, മേയ്ക്കാട്ട്)

ചോ 1:— യോഹന്നാൻ സ്നാപകൻ ഒട്ടകരോമംകൊണ്ടുള്ള ഉടുപ്പ് ധരിക്കുവാൻ എന്തെങ്കിലും പ്രത്യേക കാരണമുണ്ടോ?

ഉ:— യോഹന്നാൻ സ്നാപകൻ ട്രാൻസ് യോർദ്ദാൻ മരുഭൂമിയിൽ ആയിരുന്നു താമസിച്ചിരുന്നതു്. ആ മരുഭൂമിയിലെ മൃഗം ഒട്ടകമാകയാൽ അതിന്റെ രോമംകൊണ്ടുണ്ടാക്കിയ വസ്ത്രം അവിടെ സുലഭമായിരുന്നു. അതിനു പുറമെ ഒട്ടകം വെടിപ്പുള്ള മൃഗങ്ങളിലും വെടിപ്പില്ലാത്ത മൃഗങ്ങളിലും ചേരുന്നതാകുന്നു. എന്തെന്നാൽ അതു് അയവെറക്കും; കുളമ്പ് കീറിയതുമല്ല. ഇങ്ങനെ ഒട്ടകത്തെ രണ്ടിനും മദ്ധ്യേയുള്ള ഒരു മൃഗമായി കണക്കാക്കാം. യോഹന്നാന്റെ പ്രസംഗം യഹൂദന്മാരേയും പുറജാതികളേയും ദൈവത്തിങ്കലേക്കു് വിളിച്ചടുപ്പിക്കുന്നതാകയാൽ രണ്ടിലും ചേരുന്ന ഒട്ടകരോമത്തിന്റെ ഉടുപ്പു് അവൻ ധരിക്കേണ്ടതു് ന്യായമായിരുന്നു.

ചോ. 2:— യോഹന്നാന്റെ ഭക്ഷണമായിരുന്ന "കംസകം" എന്തായിരുന്നു?

ഉ:— "കംസകം" തനിച്ചു തിന്നുന്നതിന് രുചിയില്ലാത്തതും പൊടിച്ചു് തേനിൽ കുഴച്ചു് തിന്നുവാൻ കൊള്ളാവുന്നതുമായ ഒരുതരം കിഴങ്ങാകുന്നു. കാഴ്ചക്കു് വെട്ടുകിളികളെപ്പോലെ ഇരിക്കുന്നതും തേൻപോലെ രുചിയുള്ളതുമായ ഒരു തരം കിഴങ്ങാണെന്നും പറയുന്നവരുണ്ട്. സാക്ഷാൽ വെട്ടുക്കിളികൾ തന്നെയാണെന്നു് പറയുന്നവരും ഇല്ലാതില്ല. എന്നാൽ യോഹന്നാനെപ്പോലെയുള്ള ഒരു സന്യാസിവര്യൻ പറക്കുന്ന വെട്ടുക്കിളിയെ ഭക്ഷിക്കുമെന്നു് വിശ്വസിപ്പാൻ ന്യായമില്ല.

(പി. ജി. മറിയാമ്മ, നെടുമ്പാശ്ശേരി)

ചോ. 3:— വി. മത്തായി 16:17-ൽ "ബർയോനാ ശീമോനെ, നീ ഭാഗ്യവാൻ; ജഡരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ നിനക്കു് ഇതു് വെളിപ്പെടുത്തിയതു്. നീ പത്രോസാകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല" എന്നു പറയുന്നതിന്റെ അർത്ഥമെന്തു്?

ഉ:— ശെമഓനെ, യൌനായുടെ പുത്രൻ (ബർയൌനാ) എന്നു പറഞ്ഞതു് അവൻ തന്റെ പിതാവായ യൌനാക്കു് സ്വാഭാവിക പുത്രനായിരിക്കുന്നതുപോലെതന്നെ മ്ശീഹാതമ്പുരാനും പിതാവായ ദൈവത്തിന്റെ സ്വാഭാവിക പുത്രനാണെന്ന് കാണിപ്പാനാകുന്നു. "സ്വർഗ്ഗസ്ഥനായ എന്റെ പിതാവു്" എന്നുള്ള പദത്താലും താൻ പിതാവിന്റെ സ്വാഭാവിക പുത്രനാണെന്നു് വെളിപ്പെടുത്തി. എന്നാൽ നീ പാറയാകുന്നു എന്നു പറഞ്ഞതു് ശെമഓന്റെ ശരീരത്തെ ഉദ്ദേശിച്ചല്ല; മ്ശീഹാ ദൈവപുത്രനാണെന്നു് വിശ്വസിച്ചു് ഏററു പറഞ്ഞ

തായ ആ സത്യവിശ്വാസമാകുന്ന പാറമേൽ—അതായ്ത്—പിതാവ് തന്നെക്കുറിച്ച് ശെമഓന് വെളിപ്പെടുകയും അവൻ തന്നെ അറിയുകയും ചെയ്തതുപോലെ അവൻ പ്രസ്താപിച്ച ആ സ്ഥിരമുള്ള വിശ്വാസമാകുന്ന പാറമേൽ—കത്താവ് തന്റെ സഭയെ സ്ഥാപിക്കുമെന്നത്രെ കല്പിച്ചതു്. അങ്ങിനെ താൻ സ്ഥാപിക്കുന്ന സഭയെ വൈരികളുടെ ഉപദ്രവങ്ങൾക്കൊ പീഡനങ്ങൾക്കൊ നശിപ്പിക്കുവാൻ കഴികയില്ലെന്നത്ഥം.

(മുള്ളുപനിയ്ക്കൽ ഉലഹന്നാൻ)

ചോ 4:— യേശുതമ്പുരാന്റെ ജനനം ഏതു ദിവസം, ഏതു് സമയം എന്നു പറയാമൊ ?

ഉ:— മീനം 25-ാനു- കന്യക തന്നെ ഗർഭം ധരിക്കുകയും ഒമ്പതു പൂർണ്ണമാസങ്ങളുടെ അന്ത്യത്തിൽ ധനു 25-ാനു- തന്നെ പ്രസവിക്കുകയും ചെയ്തു. പ്രസവം നടന്നതു് രാത്രി പാതിരാക്കു് ശേഷമായിരുന്നു.

(പി. കെ. മത്തായി, നാവോളിമററം)

ചോ 5:— ധനവാന്റേയും ലാസറിന്റേയും ഉപമ വായിക്കുമ്പോൾ മരിച്ചതിനുശേഷം ഒരുത്തനു് ഒന്നും ചെയ്യുവാൻ സാധിക്കയില്ലെന്നു് മനസ്സിലാകുന്നു. അങ്ങിനെയെങ്കിൽ മരിച്ചവൎക്കു വേണ്ടിയുള്ള പ്രാത്ഥന എന്തിനു് ? (ലൂക്കൊ. 16: 19-31)

ഉ:— ആ ഉപമ മനസ്സിരുത്തി വായിക്കുന്നവൎക്കും അതു് പഠിക്കുന്നവൎക്കും അങ്ങിനെ തോന്നുകയില്ല. ധനവാന്റെ സഹോദരന്മാരെ ഉപദേശിക്കുവാൻ ലാസറിനു് സാദ്ധ്യമല്ലെന്നു് പറഞ്ഞിട്ടില്ല. പ്രത്യുത ബഹുമാന്യന്മാരായ മോശയും പ്രവചാകന്മാരും ഉള്ളതുകൊണ്ടു് പോക്കിന്റെ ആവശ്യമില്ലെന്നു മാത്രമെ സൂചിപ്പിച്ചിട്ടുള്ളു. ഇതിൽനിന്നും കത്താവിൽ നിദ്ര പ്രാപിച്ചുപോയവർ മററുള്ളവരുടെ ആവശ്യങ്ങൾ അറിയുന്നുണ്ടെന്നും അവർ ജീവനുള്ള വിശ്വാസികൾ വഴിയായി പ്രവത്തിക്കുന്നുണ്ടെന്നും നാം ഗ്രഹിക്കുന്നു. കത്താവിന്റെ സഹോദരനായ മോർ യാക്കോബിന്റെ കബ്ബാനതക്സായിലും "നിന്റെ സന്നിധിയിൽ അവർ ഞങ്ങളെ ഓൎക്കേണ്ടതിന്നായിട്ടു് ഞങ്ങളും അവരെ ഓർത്തുകൊള്ളുന്നു." എന്നിപ്രകാരം മരിച്ചുപോയവരെക്കുറിച്ചു് എഴുതിയിരിക്കുന്നു.

(മാത്യു അയ്യു്, ആയങ്കര)

ചോ 6:— ദൈവം സൎവ്വവ്യാപിയായിരിക്കെ "സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ" എന്നു് പ്രാത്ഥിക്കുന്നതിന്റെ സാരമെന്തു്?

ഉ:— ദൈവം സൎവ്വവ്യാപിയാണെങ്കിലും സ്വൎഗ്ഗത്തിൽ ദൈവം തന്റെ സന്താനങ്ങൾക്കു് തന്റെ തേജസ്സിൽതന്നെ താൻ വെളിപ്പെടുത്തുന്നതുകൊണ്ടും, നമ്മുടെ ഹൃദയങ്ങളെ സകല നന്മകളുടേയും സംപൂർണ്ണാവസ്ഥയായിരിക്കുന്ന സ്വൎഗ്ഗത്തിലേക്കു് ഉയൎത്തേണ്ടതിനും ആകുന്നു. സ്വൎഗ്ഗം തന്റെ സിംഹാസനവും ഭൂമി തന്റെ പാദപീഠവും ആയിരിക്കെ താൻ സൎവ്വവ്യാപി തന്നെയാണു്.

സമാഗമന കൂടാരം.

[തുടച്ച്]

Dr. K. V. Kakku.

7. ചരടു്:— മൂടിവിരിയുടെ ഒന്നാമത്തെ ലയറിയിലുണ്ടായിരുന്ന അതേ സാധനങ്ങൾകൊണ്ടുതന്നെയാണു് ചരടുകളും ഉണ്ടാക്കിയിരുന്നതു്. ക്രിസ്തുവിന്റെ ഭവനമാകുന്ന തിരുസഭയെ തന്റെ മദ്ധ്യസ്ഥതയാൽ സംരക്ഷിച്ചുപോരുന്നതിനെ അവ സൂചിപ്പിക്കുന്നു. കൂടാരത്തെപ്പോലെ ദൈവസഭയും ലോകത്തിലുള്ളതാകുന്നുവെങ്കിലും ലോകത്തിന്റേതല്ല. പാതാളഗോപുരങ്ങളോടു് എതിൎത്തു നില്പാനുള്ള പ്രാപ്തി അതിൽതന്നെയുള്ളതല്ല. പിന്നെയൊ, ദൈവത്തിന്റെ സ്നേഹം, കൃപ, ശക്തി എന്നീ മുപ്പിരിചരടിൽ ഉള്ളതാണു്. "മുപ്പിരിചരടു് മറിയാതു" എന്നുണ്ടല്ലൊ. യേശുക്രിസ്തു ദൈവമായിരിക്കുന്ന ജനം ഭാഗ്യമുള്ളതു്.

8. മേൽചുററുപടി:— അവ വെള്ളികൊണ്ടുണ്ടാക്കപ്പെട്ടു. വീണ്ടെടുപ്പത്ഥമാകുന്ന രക്തത്തെ കാണിക്കുന്നു. ചുററുപടിയിന്മേലത്രെ മറശീല തൂക്കിയിട്ടിരുന്നതു്. പാപിയെ മറയ്ക്കുന്ന ദൈവനീതി തൂങ്ങികിടക്കുന്നതു് കത്താവായ യേശുക്രിസ്തുവിന്റെ പുണ്യാഹ രക്തത്തിലത്രെ.

അദ്ധ്യായം 4.

1. പ്രാകാരം:— അതിനെ സംബന്ധിച്ച വിവരണം ഒന്നാം അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ടല്ലൊ. ദൈവത്തിന്റെ തൃക്കൈകളിലെന്നപോലെ ഒരു വിശ്വാസി പ്രാകാരത്തിന്നുള്ളിൽ നിർഭയം വസിക്കുന്നു. ദുഷ്ടൻ അവനെ തൊടുന്നില്ല. [യോഹ. 5: 18] അവിടെയിരിക്കുമ്പോൾ മരുഭൂമി ദൃഷ്ടിയിൽനിന്നും മറയപ്പെടുകയും ദേഹി ദൈവത്തോടു് സമീപിക്കുകയും ചെയ്യുന്നു. അകമെയിരിക്കുന്ന വിലമതിക്കാവതല്ലാത്ത നിക്ഷേപങ്ങളെ സൂക്ഷിക്കുന്നതു് ഈ മറശീല മാത്രമാണു്. എന്നാൽ ജഡീകന്മാൎക്കു് ഈ സംരക്ഷണം വളരെ നിസ്സാരമായി തോന്നിയേക്കാം. എങ്കിലും അതു മതിയെന്നു് ദൈവം കണ്ടു. ദൈവത്തിനുള്ളവരെ വേർതിരിക്കുന്നതാകുന്നു ക്രിസ്തുവിന്റെ വേല. ആ വേർതിരിവിന്റെ ലക്ഷ്യം നിലനിർത്തുന്നിടത്തോളം കാലം നമുക്കു് യാതൊന്നും ഭയപ്പെടുവാനില്ല. മറശീല അതിൽതന്നെ ആശ്രയിക്കാതെ വെള്ളിഅഴികളിൽ തൂങ്ങിക്കിടന്നിരുന്നുവെന്നതു് പ്രത്യേകം സ്മരണീയമത്രെ.

2. തൂണുകൾ:— മരം കൊണ്ടുണ്ടാക്കപ്പെട്ടിരുന്നു. അവയുടെ നിറം കറുപ്പാണു്. ആ നിറം കാണ്മാൻ കഴിയാതവണ്ണം വെള്ള തിരശീലകൊണ്ടു് അവയെ പൊതിഞ്ഞിരുന്നു. പാപിയെ മൂടുന്ന നീതിയിൻ വസ്ത്രത്തെയാണു് അതു കാണിക്കുന്നതു്. [1 കൊ. 1: 30].

3. പ്രാകാരവാതിൽ:— പ്രാകാരത്തിന്റെ കിഴക്കുവശം മദ്ധ്യത്തിലായി ഒരു വാതിൽ ഉണ്ടു്. അകത്തു പ്രവേശിക്കണമെങ്കിൽ അതിൽകൂടിതന്നെ കടക്കണം. "ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നുവെച്ചിരിക്കുന്നു. [വെളി. 3: 8] അതു് ഏകവാതിലാണു്. ആ വാതിൽ പറയുന്നതു് "ഞാൻതന്നെ വഴി" എന്നത്രെ. അതു് 20 മുഴം വിസ്താരമുള്ള വാതിലാകുന്നു. വിസ്താരം പ്രവേശനത്തിനുള്ള സ്വാതന്ത്ര്യത്തെ കാണിക്കുന്നു. ആൎക്കു മനസ്സുണ്ടൊ, അവൎക്കു് പ്രവേശിക്കാമെന്നു് വാതിൽ വിളിച്ചുപറയുന്നു. പക്ഷെ അന്വേഷകന്മാരുടെ എണ്ണം ചുരുക്കമൊ കകൊണ്ടു് അതിനെ കണ്ടെത്തുന്നവരും ചുരുക്കമത്രെ. അതിൽകൂടെ പ്രവേശിക്കുന്നവൎക്കു് ഒരൊററ ഉദ്ദേശമെ ഉണ്ടാകുവാൻ പാടുള്ളു. ആയതൊ, പാപത്തിനുവേണ്ടി മരിച്ചു്, നീതിക്കുവേണ്ടി ഉയൎത്തെഴുനേററവനിൽ ആശ്രയിക്കുക എന്നതുതന്നെ. അതു് ഉറച്ചുനില്ക്കുന്ന വാതിലത്രെ. ഇളകാതവണ്ണം 4 തൂണുകളിന്മേൽ അതിനെ ഘടിപ്പിച്ചിരുന്നു. 4 സുവിശേഷം 4 തൂണുകളായി സ്ഥിതിചെയ്യുന്നു. ഓരൊ സുവിശേഷവും, വഴിയും സത്യവും ജീവനുമായവനെ വ്യത്യസ്ഥ അനുഭവങ്ങളിൽ നമുക്കു് കാണിച്ചുതരുന്നു. അതു് ജീവങ്കലേക്കുള്ള വഴിയാണു്. വാതിലിന്റെ മുമ്പിലായി ബലിപീഠം കാണുന്നു. പാപപരിഹാരത്തിനായി ഒരുക്കിവെച്ച ദൈവത്തിന്റെ കൃപാമാൎഗ്ഗം കാണാതെ ആരും കടന്നുപോകേണ്ട ആവശ്യമില്ല. വാതിൽ കടക്കുകയെന്നതിന്റെ അത്ഥം ദൈവം ഒരുക്കിയ രക്ഷാമാൎഗ്ഗം സ്വീകരിക്കുക എന്നതാണു്. വാതില്ക്കൽ വെച്ചു് നാം തീരുമാനം ചെയ്യുന്നു. ബലിപീഠത്തിൽ വെച്ചു് നാം നീതീകരിക്കപ്പെടുന്നു. ഒന്നാമത്തെ പ്രവൃത്തി മനുഷ്യപക്ഷം. രണ്ടാമത്തേതു് ദൈവപക്ഷം. ദൈവത്തോടുള്ള കൂട്ടായ്മയ്ക്കു് ഒരു പ്രവേശനദ്വാരം ഇല്ലാതെ പോയിരുന്നെങ്കിൽ ഈ ലോകം എത്രത്തോളം അന്ധകാരമയമാകുമായിരുന്നു. വാതില്ക്കൽ മനോഹരമായ ഒരു തിരശീല വെള്ളിഅഴിയിന്മേൽ തൂങ്ങിക്കിടന്നിരുന്നു. ആയതു് നീല, ധൂമ്രം, ചുവപ്പു് എന്നീ വൎണ്ണങ്ങൾ ചേൎത്തുണ്ടാക്കപ്പെട്ടതാണു്. ആ വൎണ്ണങ്ങൾ ക്രൈസ്തവസഭയുടെ മഹത്വസ്വഭാവം വെളിപ്പെടുത്തുന്നുവെന്നു് മൂന്നാം അദ്ധ്യായത്തിൽ പറഞ്ഞുവല്ലൊ. വെള്ളിഅഴി വീണ്ടെടുപ്പത്ഥം കൊണ്ടാണു് ഉണ്ടാക്കപ്പെട്ടതു്. ചുരുക്കി പറഞ്ഞാൽ വീണ്ടെടുപ്പിന്മേൽ ആശ്രയിച്ചു് ജീവിക്കുന്ന സഭയെ അത്രെ നാം അവിടെ കാണുന്നതു്. യേശുക്രിസ്തുവാകുന്ന വാതിലിൽ ശരണം പ്രാപിയ്ക്കുന്ന ഏവനേയും ചേൎത്തുകൊൾവാൻ തക്കവണ്ണം നീതിയിൻ അങ്കി ധരിച്ച സഭാമാതാവു് സൎവ്വഥാ സന്നദ്ധയായിരിക്കുന്നു.

"യേശുവിന്നരികിൽ വാ—പാപി!
ഈശൻ നിൻ ദുരിതങ്ങൾ—തീൎത്തിടും വേഗം."

പിന്മാററജീവിതം

(തുടച്ച്)

അതിനാൽ സാത്താൻ പരീക്ഷിച്ച അവസരത്തിൽ തന്റെ അരുമനാഥനെ ഉപേക്ഷിച്ചു. ക്രിസ്തീയ ജീവിതം ഉപേക്ഷിച്ച സ്നേഹിതാ! ശക്തി പുതുക്കി ഉയരണമെങ്കിൽ പ്രാത്ഥനയിൽ കാത്തിരിക്കണം. (യേശ. 40: 31.) ഒരു ഭക്തനായ മനുഷ്യനെ നിലംപരിചാക്കുന്നതിനു മുമ്പു് പ്രാത്ഥനയ്ക്കുള്ള അവസരം ചുരുക്കുന്നതിനു് പിശാചു് അവനെ ക്ഷീണനും ജോലിത്തിരക്കുള്ളവനുമാക്കുന്നു. പ്രാത്ഥനയ്ക്കു് വേണ്ടിടത്തോളം സമയം ശാന്തമായി ചെലവിടാത്ത ക്രിസ്ത്യാനി ആഴത്തിലേക്കു് നിരങ്ങിക്കൊണ്ടിരിക്കയാണു്. ആകയാൽ പ്രാത്ഥനയിൽ ഉററിരിക്ക. (കോലോ. 4: 2.)

2. പിന്മാററജീവിതം സംഭവിക്കുന്നതിനു് മറെറാരു കാരണം ഉണ്ടു്. ജീവിതപരിസരങ്ങളിൽ ഉണ്ടാകുന്ന പ്രതികൂലങ്ങൾ മൂലവും ലോകത്തിലെ ഇമ്പങ്ങളിലേയ്ക്കുള്ള വാസന ഉണ്ടാകുന്നതു മൂലവും ദൈവം ഉണ്ടൊ എന്നു്

സംശയം തുടങ്ങുന്നു. അവിശ്വാസം പിന്മാററത്തിന്റെ മാതാവാണു്. (എബ്രാ: 3: 11) പ്രാർത്ഥനയ്ക്കു് ഉത്തരം ലഭിക്കാതെ വരുമ്പോൾ ദൈവാസ്തിക്യത്തിൽ സംശയം ജനിച്ചു് ലോകഇമ്പത്തെ ആശ്ലേഷിക്കുവാൻ ഉദ്യമിക്കുന്നു. വിശ്വാസക്കപ്പലിന്റെ ചുക്കാൻ തകരുന്നതു് സംശയവിചാരങ്ങളാകുന്ന കൊടുങ്കാററു് അടിക്കുമ്പോഴാണു്. വിശ്വാസം ഒരു വിളക്കുപോലെ അന്ധകാരത്തിൽനിന്നും നിത്യപ്രകാശത്തിലേക്കു് നമ്മെ നയിക്കുന്നു. ഈ വിളക്കു് കെട്ടുപോയാൽ പിന്മാററം കണിശമാണു്. (എബ്രാ. 11: 6.) പിന്മാററക്കാരാ! വിശ്വാസവീരന്മാരായ ക്രിസ്ത്യാനികളുടെ ജീവചരിത്രം പഠിച്ചു് അവിശ്വാസത്തെ കുടഞ്ഞുകളഞ്ഞിട്ടു് എഴുന്നേററുവരിക.

3. പിന്മാററജീവിതത്തിനുള്ള 3-ാമത്തെ കാരണം ലോകത്തോടുള്ള സ്നേഹമാണു്. (2 തീമോ. 4: 10) തേറഹ് യാത്ര പുറപ്പെട്ടുവെങ്കിലും ലോകത്തെ സ്നേഹിച്ചതിനാൽ യാത്രയിൽനിന്നും പിന്മാറി വഴിമദ്ധ്യേ കൂടാരമടിച്ചു് മരിച്ചുപോയി. വാഗ്ദത്തദേശത്തിൽ അവനു് എത്തുവാൻ കഴിഞ്ഞില്ല. (ഉല്പ. 11: 31-32) പൊത്തിഫേറിന്റെ ഭാര്യയെപ്പോലെ, സീയോൻ യാത്രക്കാരെ വശീകരിക്കുന്ന വേശ്യയാണു് ലോകം. യൗസേഫ് അവളെവിട്ടു് ഓടിയില്ലായിരുന്നുവെങ്കിൽ നശിച്ചുപോയേനെ. (ഉല്പ. 39: 12) ലോകം അതിന്റെ വിവിധ മോഹങ്ങളാൽ നമ്മെ സദാ ആകർഷിക്കുന്നു. വിഷയമോഹം, പാരത്രലോകത്തോടുള്ള മോഹം, പ്രതാപമോഹം ഇങ്ങനെ നമ്മെ വിവിധ മോഹങ്ങളാൽ ലോകം വശീകരിക്കുന്നു. ക്രിസ്തീയജീവിതം ആരംഭിച്ചിരിക്കുന്ന വായനക്കാരാ! ഇവയെല്ലാം നരകത്തിലേക്കു കടക്കുന്ന വാതിലുകളാണു്. ഇവയിൽനിന്നും രക്ഷപ്പെടുവാൻവേണ്ടി—ക്രിസ്തുവിന്റെ ശബ്ദം കേൾപ്പാനും, സ്വർഗ്ഗം അറിവാനും, സൌന്ദര്യം കാണ്മാനും—പ്രാർത്ഥനയിലും ധ്യാനത്തിലും നിന്റെ ബോധത്തെ ഉയർത്തുക; ലോകത്തെവിട്ടു് ഓടുക; അല്ലെങ്കിൽ ദേമാസിനെപ്പോലെ നീയും വീണുപോകും.

4. ലോകത്തിൽ അധർമ്മം പെരുകുന്നതിനാൽ വ്യാജത്തിന്റെ ആത്മാവിനു് ചിലർ വശംവദരായിത്തീരുന്നു. (മത്താ. 24: 12) മനുഷ്യരുടെ അഭക്തി, അഭക്തന്മാരുടെ പരിഹാസം, ലൌകികന്മാരുടെ പ്രേരണ, ക്രിസ്തുവിന്റെ പ്രേരണയെപ്പററി വിവരമില്ലാത്തവരുടെ അനാസ്ഥ, നാമധേയക്രിസ്ത്യാനികളുടെ ആന്തരശുദ്ധീകരണത്തെ അവഗണിച്ചുള്ള ബാഹ്യാചാരപ്രതിപത്തി, സ്വന്തലാഭത്തിനുവേണ്ടിയുള്ള മനുഷ്യന്റെ നിഷ്ഠുരത ഈ ഭയങ്കര പിശാചുക്കൾ പെരുകുന്നു. ഇതിന്റെ ഇടയിൽക്കൂടെ വിശ്വാസപ്രയാണം ചെയ്യേണ്ടിയിരിക്കുന്നു. നാം ലോകത്തിലാണെങ്കിലും ലൌകികന്മാരല്ല. നമ്മുടെ മുമ്പു് കടന്നുപോയ വിശുദ്ധന്മാർ ഈ അധർമ്മത്തിൽ ആണ്ടുപോകാതെ ക്രിസ്തുവിനെ പിടിച്ചിരുന്നതുകൊണ്ടു് അക്കരെ എത്തി. (എബ്രാ: 12: 12) ലൌകികന്മാർ ലോകത്തിൽ സുഖിച്ചു പുളയ്ക്കുമ്പോൾ, നമുക്കു് ലോകത്തിൽ പരദേശിയെപ്പോലെ പ്രയാണം ചെയ്യേണ്ടിയിരിക്കുന്നു. “നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു.” (റോമ. 8: 18) അന്ത്യത്തോളം സഹിക്കുക. (യാക്കോ. 5: 11) വിശ്വസിക്കാൻ മാത്രമല്ല, ക്രിസ്തുവിന്റെ നാമത്തിൽ കഷ്ടം സഹിക്കാനും കൂടിയാണു് നമ്മെ വിളിച്ചിരിക്കുന്നതു്.

അതിനാൽ പിന്മാറിപ്പോയവനെ! ഉറക്കത്തിൽനിന്നും ഉണരുക. പിന്മാററത്തിന്റെ വക്കിൽ നില്ക്കുന്നവനെ! തീക്ഷ്ണതയോടെ പ്രവർത്തിക്കുവാൻ എഴുന്നേല്ക്കുക— കർത്താവു് അരുളിച്ചെയ്യുന്നു: “ഞാൻ വേഗം വരുന്നു, നിന്റെ കിരീടം ആരും എടുക്കാതിരിക്കത്തക്കവണ്ണം നിനക്കുള്ളതു പിടിച്ചുകൊൾക.” (വെളി. 3: 11)

സത്യകുമ്പസാരപ്രവേശകം.

Fr. V. C. Gheevarghese, B. A.

യേശുക്രിസ്തുവിനെ ധരിക്കാത്ത ഏതു മനുഷ്യനും പാപിയാണെന്നു് ദൈവം ഈയുഗത്തിൽ ലോകത്തെ അറിയിച്ചിരിക്കുന്നു. ഗലാ. 3: 22-ൽ “വിശ്വസിക്കുന്നവർക്കു് വാഗ്ദത്തം യേശുക്രിസ്തുവിലെ വിശ്വാസത്താൽ ലഭിക്കേണ്ടതിനു് തിരുവെഴുത്തു് എല്ലാവരേയും പാപത്തിൻകീഴു് അടച്ചുകളഞ്ഞു” എന്നെഴുതിയിരിക്കുന്നതിനാൽ ഒരുത്തന്റെ ജീവിതം യേശുക്രിസ്തുവിനോടു് ബന്ധിച്ചിരിക്കുന്നതു് എങ്ങിനെയെന്നു് പരിശോധിച്ചുനോക്കിയാൽ അവൻ പാപത്തിൽ അടയ്ക്കപ്പെട്ടിരിക്കുന്നവനൊ, പാപത്തിൽനിന്നു് സ്വാതന്ത്ര്യം പ്രാപിച്ചവനൊ എന്നറിയാവുന്നതാണു്. 1 യോഹ. 5: 12-ൽ “പുത്രനുള്ളവനു് ജീവനുണ്ടു്; ദൈവപുത്രനില്ലാത്തവനു് ജീവനില്ല” എന്നു കാണുന്നു. അതിനാൽ നിത്യജീവൻ ആർക്കുണ്ടെന്നും ആർക്കാണു് ഇല്ലാത്തതെന്നും തിരിച്ചറിവാൻ ഈ വാക്യം ഒരു ഉരകല്ലാകുന്നു. ഇതു് വായിച്ചുകൊണ്ടിരിക്കുന്നവനെ! നിനക്കു് ഈ രക്ഷയുടെ നിർണ്ണയം ഇപ്പോൾ ഉണ്ടോ? ഇല്ലെങ്കിൽ ഉണ്ടായിരിപ്പാൻ ആഗ്രഹമുണ്ടോ? രക്ഷാനിർണ്ണയമില്ലാത്തവൻ പാപത്തിൻകീഴിൽ അടയ്ക്കപ്പെട്ടിരിക്കുന്നു. റോ

മർ 3; 10: 19; 23. “നീതിമാൻ ആരുമില്ല, ഒരുത്തൻപോലുമില്ല—ഗ്രഹിക്കുന്നവനില്ല; ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല. എല്ലാവരും വഴിതെററി ഒരുപോലെ കൊള്ളരുതാത്തവരായിതീർന്നു. നന്മ ചെയ്യുന്നവനില്ല, ഒരുത്തൻപോലും ഇല്ല. അവരുടെ തൊണ്ട തുറന്ന ശവക്കുഴി; നാവുകൊണ്ടു് അവർ ചതിക്കുന്നു; സർപ്പവിഷം അവരുടെ അധരങ്ങൾക്കു കീഴെ ഉണ്ടു്. അവരുടെ വായിൽ ശാപവും കൈപ്പും നിറഞ്ഞിരിക്കുന്നു. അവരുടെ കാൽ രക്തം ചൊരിയുവാൻ ബദ്ധപ്പെടുന്നു. നാശവും അരിഷ്ടതയും അവരുടെ വഴികളിൽ ഉണ്ടു്. സമാധാനമാർഗ്ഗം അവർ അറിഞ്ഞിട്ടില്ല. അവരുടെ ദൃഷ്ടിയിൽ ദൈവഭയം ഇല്ല... ....അങ്ങനെ ഏതു വായും അടഞ്ഞു് സർവ്വലോകവും ദൈവസന്നിധിയിൽ ശിക്ഷായോഗ്യമായി തീരേണ്ടതത്രെ. എല്ലാവരും പാപംചെയ്തു് ദൈവതേജസ്സ് ഇല്ലാത്തവരായിതീർന്നു.” അതുകൊണ്ടു് രക്ഷാനിർണ്ണയമില്ലാത്ത സാധുവായ മനുഷ്യാ! നീ പാപിയാണെന്നും പാപമോചനം പ്രാപിക്കണമെന്നും വിശ്വസിക്കുക. നീ നഷ്ടപ്പെട്ടവനാണെന്നും രക്ഷപ്രാപിക്കേണ്ടവനാണെന്നും വിശ്വസിക്കുക. നീ കുററക്കാരനാണെന്നും മോചനം കിട്ടേണ്ടവനാണെന്നും വിശ്വസിക്കുക. നീ കുരുടനാണെന്നും പ്രകാശം ലഭിക്കേണ്ടവനാണെന്നും വിശ്വസിക്കുക. നീ ദൂരെ പോയവനാണെന്നും കൂട്ടിച്ചേർക്കപ്പെടണമെന്നും വിശ്വസിക്കുക. നീ രോഗിയാണെന്നും നിനക്കു് വൈദ്യന്റെ ആവശ്യമുണ്ടെന്നും വിശ്വസിക്കുക. വി. പൗലോസ് ശ്ലീഹാ പറയുന്നതു് കേൾക്കണം. 1 തീമോ. 1: 15-ൽ “ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനംതന്നെ; ആ പാപികളിൽ ഞാൻ ഒന്നാമൻ” എഫേ. 2: 1-8 വരെ വായിച്ചുനോക്കുക. നമുക്കു് രക്ഷാനിർണ്ണയമുണ്ടാകണമെങ്കിൽ ഒന്നാമതു് നാം പാപികളാണെന്നു് ദൈവം അരുളിച്ചെയ്യുന്നതിനെ സമ്മതിക്കണം. വായനക്കാരാ! നീ അതു് സമ്മതിക്കുന്നുവൊ? അതൊ, പരീശനെപ്പോലെ സ്വയം നീതീകരണത്തിന്റെ അബദ്ധവലയത്തിൽ നീ കുടുങ്ങിക്കിടക്കയാണൊ? നിന്നെപ്പററി ദൈവം അരുളിചെയ്യുന്നതു്, നീ പാപിയാണെന്നാകുന്നു. “അതെ കർത്താവെ, ഞാൻ പാപിയായ മനുഷ്യൻ; എന്നോടു് കരുണ തോന്നണമെ” എന്നു് നിലവിളിക്കുക.

പാപബോധം വന്നാൽ ഉടനെ എന്താണു് ചെയ്യേണ്ടതു്? ക്രിസ്തുവിനെപ്പററി ദൈവം അരുളിചെയ്യുന്നതു് വിശ്വസിക്കണം. വി. പൗലോസ് അങ്ങിനെ വിശ്വസിച്ചു. 2 കോറി. 5: 21-ൽ “പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിനു്, അവൻ നമുക്കുവേണ്ടി പാപം ആക്കി.” നാം നീതീകരിക്കപ്പെടേണ്ടതിനു് നമ്മുടെ പാപത്തെ മ്ശീഹാ വഹിച്ചുവെന്നാണു് ഇവിടെ കാണുന്നതു്. വീണ്ടും 1 പത്രോ. 2: 24 കാണുക. “നാം പാപം സംബന്ധിച്ചു മരിച്ചു്, നീതിക്കു് ജീവിക്കേണ്ടതിനു് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു് ക്രൂശിന്മേൽ കയറി, അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു് സൗഖ്യം വന്നിരിക്കുന്നു” ഈ സത്യം നീ വിശ്വസിക്കുന്നുവൊ? നിന്റെ പാപങ്ങളെ ചുമന്നുകൊണ്ടു് ക്രിസ്തു ക്രൂശിന്മേൽ കയറിയ ഒരനുഭവം നിനക്കുണ്ടായിട്ടുണ്ടോ? ക്രിസ്തുവിന്റെ അടിപ്പിണരാൽ അതായതു് കഷ്ടാനുഭവത്താൽ നിനക്കു് സൗഖ്യം വന്നിരിക്കുന്നു എന്നൊരു അനുഭവം വന്നിട്ടുണ്ടോ? ദൃശ്യസഭയുടെ ബാഹ്യ അംഗം മാത്രമായിരുന്നാൽ രക്ഷയുണ്ടെന്നു് ദൈവം അരുളിചെയ്തിട്ടുള്ള ഒരു ഒററ വാക്യം കാണിച്ചുതരാമൊ? സഭ നമുക്കുവേണ്ടി ക്രൂശിക്കപ്പെട്ടിട്ടില്ല. രക്ഷിക്കപ്പെടുന്നവരുടെ കൂട്ടായ്മയ്ക്കുവേണ്ടി അതു് പ്രയോജനമുള്ള സ്ഥാപനമായി ദൈവം നമുക്കു് തന്നിരിക്കുന്നതാണു്. പ്രവൃ. 2: 47. “കർത്താവു് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു് ചേർത്തുകൊണ്ടിരുന്നു.” രക്ഷയുടെ നിർണ്ണയമില്ലാത്ത കളകൾ ദൃശ്യസഭയിൽ വളരുന്നുണ്ടെന്നു് പരിതാപസമേതം നാം സമ്മതിക്കേണ്ടിയിരിക്കുന്നു. വായനക്കാരാ! നീ സഭയിലെ കളയാണൊ? കളകളെ ഒന്നിച്ചുകൂട്ടി തീയിലിടുന്ന കാലം വരുന്നു. ക്രിസ്തുവാണു് നമ്മെ രക്ഷിക്കുന്നതു്. രക്ഷ ദൈവത്തിന്റെ വെറും കൃപയാണു്. നാം അതിനെ സ്വീകരിക്കുകയാണു് വേണ്ടതു്. യേശുവിനെപ്പററി ഏശാ. 53: 5-6-ൽ എഴുതിയിരിക്കുന്നതു് വായിച്ചു പഠിക്കുക. “ഇപ്രകാരം ക്രിസ്തുവിനെപ്പററി ദൈവം അരുളിചെയ്യുന്നതു്, നീ വിശ്വസിക്കുന്നുവൊ? വിശ്വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിന്റെ ക്രൂശിന്റെ അടുക്കലേക്കു് അടുത്തു വരിക.” യോഹ. 6: 37- “എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളകയില്ല.” മത്താ. 11: 28- “അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളവരെ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും” ക്രൂശിന്റെ ദർശനത്തിൽ പാപത്തെ ഏററുപറയുക. 1 യോഹ. 1: 9 “നമ്മുടെ പാപങ്ങളെ ഏററുപറയുന്നുവെങ്കിൽ അവൻ നമ്മോടു് പാപങ്ങളെ ക്ഷമിച്ചു് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.” ലൂക്കോ. 19: 8-ം കാണുക. യോഹ. 1: 12-ൽ “അവനെ കൈക്കൊണ്ടു് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അധികാരം കൊടുത്തു” എന്നെഴുതിയിരിക്കുന്നു. നിനക്കുവേണ്ടി മരിച്ചു് ഉയിർത്ത ക്രിസ്തുവിനെ നിന്റെ ജീവിതത്തിലേക്കു്

ഇപ്പോൾ കൈക്കൊള്ളുന്നുവൊ? അവന്റെ നാമത്തിൽ ഇപ്പോൾ വിശ്വസിക്കുന്നുവൊ? ഈ വിശ്വാസം രക്ഷയ്ക്കു് മതിയാകണമെങ്കിൽ മൂന്നു കാര്യങ്ങൾ അതിൽ ഉണ്ടായിരിക്കണം. പാപത്തെ ഉളവാക്കുന്ന ജഡസ്വഭാവത്തെ (പഴയ മനുഷ്യനെ) ക്രൂശിക്കണം. (റോമ. 6: 6) വിശ്വാസത്താൽ ക്രിസ്തുവിന്റെ കൂട്ടായ്മയിൽ നിരന്തരം വസിക്കണം. (കോലോ. 2: 6) പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ ഇരിക്കണം. (റോമ. 8: 14)

എന്റെ സ്നേഹിതാ! രക്ഷാനിർണ്ണയത്തിലേക്കു് വരുവാനുള്ള ദൈവത്തിന്റെ ക്ഷണക്കത്താണു് ഇപ്പോൾ നീ വായിച്ചതു്. ഈ ലേഖനം നിന്റെ കൈവശം വരുവാനുള്ള കാരണം പറയാം. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു." നിന്നേയും സ്നേഹിച്ചു. രക്ഷാനിർണ്ണയമുണ്ടെന്നു് എങ്ങിനെ അറിയും? 1 യോഹ. 5: 13. "ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്കു് ഞാനിതു് എഴുതിയിരിക്കുന്നതു് നിങ്ങൾക്കു് നിത്യജീവനുണ്ടെന്നു് അറിയേണ്ടതിനുതന്നെ." റോമ. 8: 16-ം കാണുക.

ഇപ്രകാരം തന്നെ ദൈവവചനം ഒന്നാമതു് നമ്മെ പാപികളായി കാണിച്ചുതരുന്നു. പിന്നീടു് പാപികളുടെ രക്ഷകനായി ക്രിസ്തുവിനെ കാണിച്ചുതരുന്നു. രക്ഷകനെ കൈക്കൊണ്ടു് തന്നിൽ വിശ്വസിക്കുന്നവർക്കു് രക്ഷയെക്കുറിച്ചു് ഉറപ്പും ധൈര്യവും കൊടുക്കുന്നു. ക്രിസ്തു രക്ഷ സമ്പാദിച്ചു. ആ രക്ഷ നമുക്കു് തരുന്നു. വേണ്ടവർ വാങ്ങിച്ചുകൊള്ളുവിൻ. ഉടൻ കുമ്പസാരിച്ചു് വി: കുർബ്ബാന കൈക്കൊള്ളുവാൻ ഒരുങ്ങുക. യേശുക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെട്ടശേഷം എഴുന്നേല്ക്കുക. (1 യോഹ. 1: 7) "പുത്രനിൽ വിശ്വസിക്കുന്നവനു് നിത്യജീവൻ ഉണ്ടു്; പുത്രനെ അനുസരിക്കാത്തവനൊ ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെ മേൽ വസിക്കുന്നതേയുള്ളു." (യോഹ. 3: 36) "വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു് നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്കു് ദൈവത്തോടു് സമാധാനമുണ്ടു്. (റോമ. 5: 1.)

സുറിയാനി സഭയിൽ നടക്കുന്നതു് വിശ്വാസ സ്നാനമത്രെ.

എം. വി. ജോസഫ്, പുളിന്താനം.

ഇന്നു് ലോകത്തിൽ അനേകം ക്രിസ്തീയ സഭാവിഭാഗങ്ങൾ പടർന്നുകൊണ്ടിരിക്കുന്ന കാലഘട്ടമാണല്ലോ ഇതു്. എന്നാൽ ഒരു ഭാഗത്തെ വിശ്വാസസ്നാനക്കാരെന്നും മറ്റൊരു കൂട്ടരെ ശിശുസ്നാനക്കാരെന്നും പറഞ്ഞുവരുന്നു. എന്നാൽ ശിശുസ്നാനക്കാരെന്നു് ചിലർ സംബോധന ചെയ്യുന്നവരിൽ ചില പ്രത്യേകതകളും കാണുന്നുണ്ടു്. അവരിൽ ഏതു വിഭാഗക്കാർ സ്നാനപ്പെടുത്തിയാലും വീണ്ടുമൊരു അഴിച്ചുസ്നാനം നടക്കുന്നതായി എന്റെ അറിവിൽ പെട്ടിട്ടില്ല. എന്നാൽ വിശ്വാസസ്നാനക്കാരെന്നു് അഭിമാനിച്ചുവരുന്നവരുടെ ഇടയിൽപോലും അഴിച്ചുള്ള വീണ്ടും വീണ്ടും സ്നാനം നടക്കുന്നുവെന്നുള്ളതു് അത്ഭുതാവഹംതന്നെ. ഇപ്പോൾ, എനിക്കു് നേരിട്ടു് അറിവുള്ള ഒരു സംഭവം ഇവിടെ ഉദ്ധരിക്കുന്നതു് യുക്തമെന്നു തോന്നുന്നു. പുറജാതിക്കാരിൽനിന്നും ഒരാൾ റോമ്മാസഭയിൽ സ്നാനമേറ്റു് നടന്നുവരവെ ബ്രദറൺ സഭയുടെ ഉപദേശാനുസരണം വീണ്ടും ഒരു സ്നാനംകൂടെ നടത്തി, തിരുവത്താഴ ശുശ്രൂഷയിൽ സംബന്ധിച്ചുവന്നു. കുറച്ചു നാളുകൾ കഴിഞ്ഞപ്പോൾ കുക്കു് സായ്പ്പിന്റെ കീഴിൽ പെന്തിക്കൊസ്തുകാരനായി രൂപാന്തരപ്പെട്ടു. അവിടെ ഒരു പാസ്റ്ററായി ജോലി നോക്കിവന്നു. ഉടൻതന്നെ സിലോൺ പെന്തിക്കൊസ്തുകാർ വന്നു്, ബ്രദർകാരുടെ സ്നാനത്തിനു് മറ്റു സമുദായങ്ങളുടെ സ്നാനങ്ങളെപ്പോലെ മാത്രമെ വില കല്പിക്കാവു എന്നും അഭിഷേകം പ്രാപിച്ച ഒരുവനല്ല സ്നാനപ്പെടുത്തിയതെന്നും പ്രബോധിപ്പിച്ചു. ആയതിനാൽ വീണ്ടും അഭിഷേകം പ്രാപിച്ചവന്റെ കൈയ്യാൽ സ്നാനമേറ്റു. അപ്പോൾ സ്നാനം ആകെ മൂന്നു്. പുറജാതിയിൽനിന്നും, പ്രായമായശേഷം സ്നാനമേറ്റതിനാൽ, മൂന്നും വിശ്വാസസ്നാനമാണു് നടത്തിയിരിക്കുന്നതെന്നു് വായനക്കാർക്കു് ഊഹിക്കാമല്ലോ. ഇക്കൂട്ടർ പരസ്പരം ഇതിനൊരു പരിഹാരം കണ്ടുപിടിക്കാത്തതു് കഷ്ടമാണു്.

സുറിയാനി സഭയിൽ നടക്കുന്നതു് ശിശുസ്നാനമാണു്. അതു് വേദാനുസരണമുള്ളതല്ലെന്നു പറഞ്ഞു് തങ്ങളുടെ ഇടയിൽ നടക്കുന്ന കുറവുകളെപറ്റി യാതൊന്നും ചിന്തിക്കാതെ മറ്റുള്ളവരുടെ കുറവുകളെ കണ്ടുപിടിപ്പാൻ ബദ്ധപ്പെടുന്നതായി കാണുന്നതു് വിചിത്രംതന്നെ. എന്നാൽ ഞാൻ ഉൾപ്പെട്ടുനില്ക്കുന്ന സുറിയാനിസഭയിൽ

നടക്കുന്നതു് വിശ്വാസസ്നാനമാണൊ അഥവാ ശിശുസ്നാനമാണൊ എന്നു് ഞാനും ചിന്തിക്കേണ്ട ഒരു കടമയുണ്ടല്ലോ. എന്റെ ചിന്തയിൽ തോന്നിയിരിക്കുന്നതും ഇന്നു് യാക്കോബായ സുറിയാനി സഭയിൽ നടക്കുന്നതുമായ സ്നാനം വിശ്വാസസ്നാനമാണെന്നുള്ള എന്റെ അഭിപ്രായത്തെ വെളിപ്പെടുത്തുകയെന്നുള്ളതാണു് ഈ ലേഖനംകൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു്.

സുറിയാനി സഭയിൽ സ്നാനകർമ്മം നടത്തപ്പെടുമ്പോൾ ഒരു ശബ്ദം കേൾക്കുന്നു. "സാത്താനേയും അവന്റെ സൈന്യത്തേയും ഞാൻ ഉപേക്ഷിക്കുന്നു; മ്ശീഹായിൽ ഞാൻ വിശ്വസിക്കുന്നു." ഈ ഏറ്റുപറച്ചിലിൻ ശബ്ദം കേൾക്കാത്ത കാലത്തോളം സുറിയാനിസഭയിൽ ഒരുത്തനെ സ്നാനപ്പെടുത്തുകയില്ല. എന്നാൽ ഒരു കുഞ്ഞിനു് ഏറ്റുപറയാൻ പ്രാപ്തിയില്ലാത്തതിനാൽ മറ്റൊരാൾ കുഞ്ഞിനുവേണ്ടി ജാമ്യം നിന്നാൽ മതിയാകുമൊ എന്നും മറ്റുമുള്ള ചോദ്യങ്ങൾ ധാരാളം ആവിർഭവിക്കുന്നു. മറ്റുള്ളവരുടെ നന്മക്കുവേണ്ടി നാം എന്തുതന്നെ പ്രവൃത്തിച്ചാലും ഒരു ജാമ്യക്കാരനായി നിന്നാലും ആയതു് ദൈവസന്നിധിയിൽ സ്വീകാരയോഗ്യമാണെന്നാണു് എനിക്കു് പറവാനുള്ളതു്. (മർക്കോസ് 2:5) യേശു അവരുടെ വിശ്വാസം കണ്ടിട്ടു് പക്ഷവാതക്കാരനോടു് നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു.........യേശുവാകട്ടെ രോഗിയോടു് പ്രത്യേകാൽ ഒന്നും ചോദിക്കുന്നില്ല. രോഗി യേശുവിന്റെ അടുക്കൽ പ്രത്യേകാൽ ഒന്നും പറയുന്നുമില്ല. ഇന്നു് ചിലർ പറയുന്ന രീതിയിലാണെങ്കിൽ അവന്റെ വായ്കൊണ്ടുതന്നെ കാര്യങ്ങൾ പറഞ്ഞാലെ അവന്റെ പാപവും രോഗവും മാറികിട്ടുന്നതിനു് സാദ്ധ്യമായിരുന്നുള്ളു. നമ്മുടെ കർത്താവു് രോഗിയെ അത്രയ്ക്കു് ഗൗനിച്ചില്ല എന്നു കാണാം. അവരുടെ വിശ്വാസവും ആഗ്രഹവും ആശ്രയവും കണ്ട മാത്രയിൽതന്നെ ചുമന്നു കൊണ്ടുവന്നവരുടെ അപേക്ഷയാൽ രോഗിക്കു് രോഗശമനവും പാപമോചനവും കൊടുത്തു. ഇതുപോലെ ബൈബിളിൽനിന്നും അനേകം ദൃഷ്ടാന്തങ്ങൾ ഉദ്ധരിക്കാനുണ്ടെങ്കിലും ലേഖനദൈർഘ്യം നിമിത്തം ചുരുക്കുകയത്രെ ചെയ്യുന്നതു്. എന്നാൽ എല്ലാ ക്രിസ്തീയ സഭാവിഭാഗങ്ങളും മദ്ധ്യസ്ഥ പ്രാർത്ഥനയെക്കുറിച്ചു് പൂർണ്ണമായ ഐക്യമുള്ളവരായിട്ടാണു് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്. മരിച്ചവർക്കു് വേണ്ടിയുള്ള മദ്ധ്യസ്ഥതയെക്കുറിച്ചും ചില വിഭാഗക്കാർക്കു് അഭിപ്രായവ്യത്യാസം കണ്ടേക്കാമെന്നു് ഞാൻ ഊഹിക്കുന്നു. എന്നാൽ എന്റെ ചിന്താവിഷയം ജീവിച്ചിരിക്കുന്നവർക്കു വേണ്ടിയുള്ള മദ്ധ്യസ്ഥതയെക്കുറിച്ചത്രെ. ഓരോ വ്യക്തിയും അവനവന്റെ വായ്കൊണ്ടു് ഏറ്റുപറകയും ഹൃദയംകൊണ്ടു് വിശ്വസിക്കുകയും ചെയ്യേണ്ടതാണെങ്കിൽ നാം എന്തിനുവേണ്ടി മറ്റുള്ളവർക്കായി മദ്ധ്യസ്ഥത യാചിക്കുന്നു. പാപികൾ മനം തിരിയുന്നതിനും പിന്മാറ്റക്കാർ തിരിച്ചുവരുന്നതിനും കുഞ്ഞുങ്ങൾ ദൈവഭയത്തിൽ വളരുന്നതിനും മറ്റുമായി നാം ദിവസേന പ്രാർത്ഥിക്കുന്നില്ലെ? ഒരു കുഞ്ഞു് ദൈവഭയത്തിൽ വളരുന്നതിനും വളർത്തേണ്ടതിനുമായി ഒരു വിശ്വാസി ജാമ്യക്കാരനായി നിൽക്കുന്നതിൽ എന്താണു് വചനവിരുദ്ധമുള്ളതു്? ഒരു ചോദ്യം ഇവിടെ ആവിർഭവിച്ചേക്കാം. എന്നാൽ കുഞ്ഞിനുവേണ്ടി ജാമ്യക്കാരൻതന്നെ സ്നാനവുംകൂടി ഏറ്റാൽ മതിയാകയില്ലെ? മതിയാകയില്ല. കാരണം, കുഞ്ഞിനെ സംബന്ധിച്ചിടത്തോളം പ്രായോഗികമാക്കാവുന്നവ കുഞ്ഞിൽതന്നെ സ്ഥിതിചെയ്യേണ്ടതാണു്. അപ്പോൾ പ്രായോഗികമാക്കാൻ കഴിയാത്തവ മാത്രം ജാമ്യക്കാരനിൽ സ്ഥിതിചെയ്യുന്നതുമാണു്. എന്നാൽ ഈ കുഞ്ഞു് പ്രായമായതിനുശേഷം ക്രിസ്തീയത്വത്തിനു് യോഗ്യമാകാത്ത വഴികളിൽകൂടി ചരിച്ചു് രക്ഷ നഷ്ടപ്പെടുന്നതായാൽ ജാമ്യക്കാരൻ അതിനു് ഉത്തരവാദിയല്ല. കാരണം, ജാമ്യക്കാരന്റെ കഴിവുകൾ മുഴുവനും പ്രയോഗിച്ചതിൽ ഗുണപ്പെടാതെ നഷ്ടപ്പെട്ടാൽ ജാമ്യം കൂടാതെ സ്വന്ത നിലയിൽ സ്നാനപ്പെട്ട ഒരുവൻ തന്റെ രക്ഷ നഷ്ടപ്പെടുത്തിയാലുള്ള അനുഭവംപോലെ മാത്രം ഇരിക്കും. അവനവന്റെ പ്രവൃത്തിക്കു് തക്ക കൂലി ലഭിക്കും. (മത്തായി 28:19) ആകയാൽ നിങ്ങൾ പുറപ്പെട്ടു് പിതാവിന്റേയും......... നാമത്തിൽ സ്നാനം കഴിപ്പിച്ചും.........ഉപദേശിച്ചുകൊണ്ടു്......ശിഷ്യരാക്കിക്കൊൾവിൻ. പൂർണ്ണമായ പരിജ്ഞാനത്തിൽ എത്തിച്ചേർന്നശേഷം സ്നാനം കഴിപ്പാൻ ആരാലും സാദ്ധ്യമല്ല. ആകയാൽ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നുവെന്നു് പറയുന്ന ശബ്ദത്താൽ സാക്ഷ്യം വഹിച്ചു് സ്നാനപ്പെടുത്തുന്നതിനാണു് വിശ്വാസസ്നാനമെന്നു് പറയുന്നതെങ്കിൽ, അതെ സാക്ഷ്യംതന്നെ ലഭിച്ചശേഷം മാത്രമെ സുറിയാനിസഭ സ്നാനം കഴിക്കുന്നുള്ളു. ആകയാൽ സുറിയാനിസഭയിൽ നടക്കുന്നതു് വിശ്വാസസ്നാനമത്രെ. എന്നാൽ ചിലർ അഭിഷേകം പ്രാപിച്ചവൻ സ്നാനപ്പെടുത്തണമെന്നാണു് പറയുന്നതു്. അഭിഷേകം പ്രാപിക്കുക എന്നുവച്ചാൽ പരിശുദ്ധാത്മാവു് പ്രാപിക്കുക എന്നാണർത്ഥം. ഒരു മനുഷ്യനിൽ പരിശുദ്ധാത്മാവു് ഉണ്ടെന്നു നിശ്ചയിക്കുന്നതിനു് ഗലാത്യ. 5: 22- ശ്രദ്ധിച്ചു വായിക്കുക. ആത്മാവിന്റെ ഫലമൊ സ്നേഹം, സന്തോഷം, സമാധാനം............ഈ വക ലക്ഷണങ്ങൾ കാണുന്നവനിൽ പരിശുദ്ധാത്മാവു് ഉണ്ടെ

ന്ന നിശ്ചയിക്കാമെന്ന് വചനം പഠിപ്പിക്കുന്നു. ഈ വക ലക്ഷണങ്ങൾ ഉള്ളതും ഞാൻ മുമ്പു പ്രതിപാദിച്ചിരിക്കുന്ന തെളിവുകളിൻ പ്രകാരം വിശ്വാസസ്നാനം ഏററിരിക്കുന്നതും ആയ സുറിയാനിസഭയുടെ–അപ്പോസ്തോലിക സഭയുടെ അദ്ധ്യക്ഷൻ (പാസ്റ്റർ) നടത്തിയിരിക്കുന്ന (നടത്തിക്കൊണ്ടിരിക്കുന്ന) സ്നാനം ശിശുസ്നാനമാണെന്നും അഭിഷേകം പ്രാപിച്ച ആൾ അല്ല സ്നാനം നടത്തിയതെന്നും പറഞ്ഞു പരത്തി. വചനത്തിൽ കാണുന്ന വിശ്വാസം ഒന്ന്, സ്നാനം ഒന്ന് എന്നു പറയുന്ന ഭാഗങ്ങൾ വിട്ടുകളഞ്ഞു് രണ്ടും മൂന്നും സ്നാനം നടത്തിക്കൊണ്ടിരിക്കുന്നതു്. വസ്തുക്കൾ സർവ്വെ ചെയ്തു് കല്ലു സ്ഥാപിക്കുന്ന പോലെ ഓരോ വിഭാഗത്തിനും ഉള്ള അതൃത്തികല്ലായി ഓരോരുത്തർ സ്നാനം നടത്തിവരുന്നുവെന്നെ അനുമാനിക്കാൻ നിവൃത്തിയുള്ളു. ആകയാൽ ശിശുസ്നാനം എന്നു പറഞ്ഞു് സമയം പാഴിലാക്കാതെ സുറിയാനിസഭയുടെ ആഴമായ ഉപദേശസത്യങ്ങളിൽ ദൃഷ്ടി പതിപ്പിച്ചു് ഓരോ യുവാക്കന്മാരും വളർന്നുവരണം എന്നുള്ള അഭ്യർത്ഥനയോടുകൂടി ഈ ചെറുലേഖനം അവസാനിപ്പിച്ചുകൊള്ളുന്നു.

കവിതകൾ.

"കൃപ നിറഞ്ഞ മറിയമെ" എന്ന പ്രാർത്ഥന

'അംബരത്തിൽ വാഴും താതാ' എന്ന രീതി

By C. M. Mathew, Edayar.

നന്മ നിറഞ്ഞീടും - മേരീ
അമ്മേ! സമാധാനമെന്നും
ഞങ്ങൾ തൻ രക്ഷകൻ കൂടെ
മംഗലാംഗി വസിക്കുന്നു.
കന്യ്യയമ്മേ! യോഷമാരിൽ
വന്ദ്യയായ് നീ വാണിടുന്നു.
നിന്നിൽ നിന്നുൽഭൂതമായ
മനാനേശു സ്തുത്യനെന്നും
ദൈവമാതാവായി സ്വർഗ്ഗേ-
മേവിടുന്ന മേരിയമ്മേ!
ഇപ്പൊഴുതും എല്ലാപ്പോഴും
വേർപാടതിൻ വേളയിലും
പാപികളാം ഞങ്ങൾക്കായി
പ്രാർത്ഥിച്ചീടണമെ ആമേൻ.

പുൽക്കൂട്ടിലെ ശിശു.

[ഗാഥ]

(By C. M. Mathew, Edayar.)

അപ്രഭാതത്തിലാനന്ദദായിയാം
ചന്ദ്രനുദിച്ചു വിളങ്ങുന്നേരം,
താരകക്കൂട്ടങ്ങൾ ആകാശമാർഗ്ഗത്തിൽ
മിന്നിത്തെളിഞ്ഞു പ്രകാശിക്കവെ
ഹീനരാം മാനുഷവർഗ്ഗത്തെ രക്ഷിപ്പാൻ
ഹീനവേഷം പൂണ്ടു യേശുദേവൻ
ബേതലഹേമിലെ പുൽത്തൊട്ടിതന്നിലായ്
കന്യക മേരിയിൽ ജാതനായി
പുഞ്ചിരിതൂകിക്കൊണ്ടുല്ലാസമായിതാ—
നമ്മുടെ പുൽത്തൊട്ടിൽ മേവിടുന്നു.
കീറവുശീല ചുററി യാചകനെപ്പോലെ
കാററുമേറേറവം കിടപ്പതെന്തോ?
ദൈവത്തിൻ പുത്രനിക്കാലിത്തൊഴുത്തതിൽ
മേവിടാൻ കാരണമെന്തായ്‌വരാം?
ദിവ്യസ്നേഹത്തിൻെറ ഏകപ്രദർശനം
പാവനരാഗത്തിൻ കേളീരംഗം
ഉജ്ജ്വലകാന്തിയോടേററം വിളങ്ങിന
തേജസ്വിനാഥൻെറ ദിവ്യരൂപം
ഒററനോട്ടത്തിങ്കലേതു ഹൃദയവും
നന്നായുരുക്കിടും ദിവ്യരൂപം
ഘോരനിരാശാവിവശരാം ഭ്രാതാക്കൾ-
ക്കേകുന്ന സ്നേഹത്തിൻ ദിവ്യരൂപം
താതൻ വലഭാഗെ ഉല്ലാസമായ് മേവും
ഓമനപുത്രൻെറ ദിവ്യരൂപം
മാലാഖമാർ ഗണം നിത്യം സ്തുതിക്കുന്ന
സ്വർഗ്ഗീയരാജൻെറ ദിവ്യരൂപം
പാപച്ചുളി തന്നിലാണ്ടുപൂണ്ട നമ്മെ-
യുത്ഥാനം ചെയ്യുന്ന ദിവ്യരൂപം
സ്വർഗ്ഗസിംഹാസനം തന്നിൽ വസിച്ചവൻ
കാലിത്തൊഴുത്തതിൽ ജാതനായി
ലോകസമാധാനമെന്നും പുലത്തുവാൻ
താഴ്മയാൽ ലോകത്തിൽ ജാതനായി
ശാശ്വത ശാന്തിക്കായ്, നിത്യസംതൃപ്തിക്കായ്,
ജാതനായ് പുൽക്കൂട്ടിലീവിധത്തിൽ.

"ജീവിതത്തിലേക്കു് ഒരു എത്തിനോട്ടം"

[ഓമനക്കുട്ടൻ]

By M. K. Mathaikunju, Pothanicadu.

നശ്വരങ്ങളാം ചിന്തകൾക്കു ഞാൻ
എന്നൊന്നോക്കമധീനനായ്.
ലോകമോഹന ഭോജ്യങ്ങൾക്കു ഞാൻ
എന്നെന്നേക്കമധീനയായ്.
ഭോഗലോലുപ മാത്രനായി ഞാൻ
എൻെറ ജീവിതമർപ്പിച്ചു.
കേവലാനന്ദ പ്രേമവാരിയിൽ
താണുമുങ്ങി വിവശനായ്.
പാഴിലാക്കിയെൻ ജീവിതമതിൽ
പൂരണത്തിനു മിത്രമായ്.
X X X X X X X X
സർവ്വശക്തിക്കും കേന്ദ്രമാകുമാ-
പ്രേമരൂപം ഞാൻ വിട്ടുപോയ്.
സ്നേഹബന്ധമിയന്ന സോദരരെ-
ന്നൽക്കഷേമരാ കുതുകികൾ.
നല്ല കാര്യങ്ങളോതിയെങ്കിലും
എല്ലാംവിട്ടുഞാൻ ഓടിപ്പോയ്.
തെററു ചെയ്തു നീ! ചെയ്യരുതിനി
എന്നു നിത്യവുമെൻമനേ!
ചിന്ത പൊങ്ങി ഉയന്നിടുമ്പോളെൻ
— — — — — —

സീയോൻ യാത്ര

[മാവേലി രീതി]

(By Peter K. Pulayath, Adoor.)

പാന്ഥനാമെന്നുടെ യാത്രക്കാര്യം
കേൾക്കണമെങ്കിലൊ കേട്ടുകൊൾവിൻ.
സീയോനാമെന്നുടെ സ്വന്തവീട്ടിൽ
എത്തുകയെന്നതാണെൻെറ ലക്ഷ്യം.
ആ വഴിക്കീലോക സത്രത്തിങ്കൽ
വിശ്രമിച്ചീടുവാൻ കേറി ഞാനും.
മാമക നാടിൻെറ കാര്യമോർത്താൽ
ഈ ലോകസത്ര—മിതെത്ര തുച്ഛം!!
ഇങ്ങുഞാൻ കാണുന്ന മ്ലേച്ഛതകൾ
സീയോൻെറ രാജ്യത്തിലൊട്ടുമില്ല.
ഇങ്ങെല്ലാമാളുകൾ തമ്മിൽതല്ലി
തിന്മകൾ ചെയ്യുമ്പു കാണുന്നില്ലെ ?
തുച്ഛമാമീ സത്ര ജീവകാലം
ശണ്ഠയിൽ പോക്കുവോരെത്ര മൂഢർ.
പാന്ഥൻ തൻ ലക്ഷ്യത്തെയോർത്തിടാതെ
മാർഗ്ഗെയുറക്കമാണെന്തു കഷ്ടം!.
അർത്ഥരഹിതമാം വാദംമൂലം
നേരം കളയുന്നു മൂഢവർഗ്ഗം
പന്നിയെപ്പോലിഹ തിന്നുവീർത്തു
മുന്നോട്ടു പോകാത്ത യാത്രക്കാരും
'കാശെല്ലാം' ധൂളിയടിക്കമൂലം
കൈയിൽ കാശില്ലാത്ത പാന്ഥന്മാരും
പോകേണ്ടും പാതയെ വിട്ടുവേറെ
മാർഗ്ഗങ്ങൾ തേടിയോരന്ധന്മാരും
അയ്യോ! വിചിത്രമിതെന്തു കഷ്ടം
ദുഃഖം നിറഞ്ഞതാം ലോകസത്രം
സത്രത്തിൽ തങ്ങാതെയെൻെറ യാത്ര
ആനന്ദപൂർണ്ണമീ ഞാൻ തുടരും.
എൻ മാർഗ്ഗെയെന്നെ നയിച്ചീടുവാൻ
സീയോൻ ഗൃഹത്തിലെ ദാസവർഗ്ഗം,
ക്രൂരരാം ദാനവിൽ പൂകിയാലും
എപ്പോഴുമെൻചുററും ഹാജരുണ്ടാം.
മൃത്യുവാം യോർദ്ദാൻ കടന്നു ഞാനും
തേന്തുറമെൻനാട്ടിലെത്തിച്ചേരും.
യാത്രയിൽ ക്ഷീണിച്ച പാന്ഥനാം ഞാൻ
പാല്പുറം നാടതിൽ കാലുവെച്ചാൽ,
ക്ലേശവും ക്ഷീണവും വിസ്മരിച്ചു്,
സന്തോഷസംതൃപ്തിയാന്നിടുമെ.
ഇല്ലൊട്ടുമന്ധതയെൻെറ നാട്ടിൽ;
സ്വർഗ്ഗീയദീപ്തിയുണ്ടെങ്ങുമെങ്ങും.
ഇല്ലൊട്ടും കഷ്ടത സീയോൻനാട്ടിൽ,
അല്ലലുമില്ലല്ലൊ ദുഷ്ടതയും.
കണ്ണീരും രോഗവും ഭിക്ഷക്കാരും
സീയോൻെറ നാടതിൽ കണ്ടിട്ടില്ല.
ആനന്ദപൂർണ്ണരാം വാനദൂത-
രാലപിച്ചീടുന്നു ദിവ്യഗീതം.
ദൈവീകമായോരു ശാന്തതയും
ആത്മീയതൃപ്തിയുമുണ്ടവിടെ.
സ്നേഹത്താൽ ശോഭിതമെൻെറ രാജ്യം
സേവനമാണങ്ങു കാണ്മതെല്ലാം.
വേഗമീ നാശത്തിൻ സത്രം വിട്ടു്
നിത്യനഗരമാം സ്വർഗ്ഗരാജ്യേ
ചെന്നണഞ്ഞീടുവാൻ സീയോൻരാജൻ
നമ്മിൽ കനിയട്ടെ ഇന്നുമെന്നും.

കരുണയുള്ള ക്രിസ്തു.

സി. സി. മത്തായി, ചമ്പക്കോട്ടുകുടി.

[കൃഷ്ണാ! മുകുന്ദ! മുരാരെ]

ക്രിസ്തോ ജഗദോദ്ധാരകാ — യേശു
കരുണാവാരിധെ — ആദൂർക്കീശാ
വരണം തവ ഭരണം — മഹേശാ ക്രിസ്തോ..
ആശ്രിതവത്സലാ — യേശുമഹേശാ
ശരണം തവ വചനം — മഹേശ ക്രിസ്തോ..
പാപവിമോചകാ — താപവിനാശകാ
കുരിശായുധധാരി — മഹേശ ക്രിസ്തോ..
ആകുലം നീക്കിടും — ആമോദമേകിടും
മധുരം തിരുവചനം — മഹേശ ക്രിസ്തോ..
മർത്ത്യരക്ഷാകരൻ — സ്നേഹസ്വരൂപൻ
കുരിശിൽ മൃതിയടഞ്ഞ മഹേശാ ക്രിസ്തോ..

ബാലപംക്തി.

21-ാം ചോദ്യത്തിന്റെ ശരിയായ ഉത്തരം:—

1. തെസ്സ. 4 : 16 - 17 "കർത്താവു് ആർപ്പോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവകാഹളത്തോടുംകൂടി സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങും. ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടൊരുമിച്ചു് മേഘങ്ങളിലേറി ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ എടുത്തുകൊള്ളപ്പെടും.

ശരിയായ ഉത്തരം തന്നവർ:—

1) കെ. ജെ. ചാക്കൊ, കറുപ്പംപടി 2) ടി. പി. പാപ്പച്ചൻ, ആലുവാ [19-ാം ചോദ്യത്തിന്റെ ശരിയായ ഉത്തരം കൃത്യതീയതിക്കകം തന്നിരുന്നു] 3) എം. കെ. വർഗ്ഗീസു്, കോതമംഗലം 4) പി. ററി. മറിയാമ്മ, അങ്കമാലി 5) എം. അന്നപ്പിള്ള വർഗ്ഗീസു്, ചേലാട്ടു് 6) എം. ഏലിയാസു് വർഗ്ഗീസു്, ചേലാട്ടു് 7) എ. വി. ചിന്നം, മഞ്ഞപ്ര 8) ജോർജ്ജു് വർഗ്ഗീസു്, കുമരകം 9) മിസ്സ് തങ്കമ്മ കോശി, പാറത്തോട്ടു് 10) സി. എ. ചാണ്ടിക്കുഞ്ഞു്, കുറിച്ചി.

തോററവർ ആരുമില്ല.

സമ്മാനത്തെ ഇച്ഛിക്കുന്നവർ, ഏതു ലക്കം മാസികയിൽ ജയിച്ചവരുടെ കൂട്ടത്തിൽ എത്രാം നമ്പരായി തങ്ങളുടെ പേരുകൾ ഉണ്ടെന്നും ആകെ എത്ര ചോദ്യങ്ങൾക്കു് ശരിയായ ഉത്തരം തന്നുവെന്നും അറിയിക്കുക

നമ്പർ 112.

ദൈവകൃപയാൽ

മലങ്കരയുടെ പൗലോസു് മാർ അത്താനാസ്യോസു് മെത്രാപ്പോലീത്തായിൽ നിന്നും

(മുദ്ര)

നമ്മുടെ....................................പള്ളിയിലെ വികാരിയും ദേശത്തു് പട്ടക്കാരും കൈക്കാരരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു് വാഴ്‌വു്.

പ്രിയരെ! പരിശുദ്ധ കർബ്ബാനയുടെ മദ്ധ്യേയുള്ള ആറു് തുബ്ദേന്റെ സമയത്തു് ജനങ്ങൾ എല്ലാവരും പള്ളിയകത്തു് ശാന്തമായി ഇരുന്നുകൊള്ളുന്നതിനു് വി. പാത്രിയക്കീസു് ബാവാ തിരുമനസ്സുകൊണ്ടു് ഈ കന്നി 15-ാം തീയതിയിലെ 607-ാംനമ്പർ കല്പനമൂലം അനുവദിച്ചിരിക്കുന്ന വിവരം ഇതിനാൽ നാം നിങ്ങളെ അറിയിച്ചിരിക്കുന്നു. ടി. സമയത്തു് ഭയഭക്തിയോടുകൂടി ഇരുന്നു് പ്രാർത്ഥനയിൽ സംബന്ധിച്ചുകൊള്ളുന്നും. നിങ്ങളുടെ ജ്ഞാനത്തിനു് ഇതുമതി.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരുടെമേലും സദാ വർദ്ധിക്കുമാറാകട്ടെ!

എന്നു്, 1943-ക്കു് 119 വൃശ്ചികം 22-ാംനു് ആലുവാ തൃക്കുന്നത്തു് സിമ്മനാരിയിൽനിന്നും.

മാർ ഗ്രീഗോറിയോസു് വിദ്യാർത്ഥിസംഘം

18-ാമതു് വാർഷിക സമ്മേളനം 1124 മേടം 21-ാംനു മുതൽ 24-ാംനു വരെ (ചൊവ്വ—വെള്ളി) കോതമംഗലം മാർ ബേസിൽ ഇംഗ്ലീഷ് ഹൈസ്കൂളിൽ വച്ചു് നടത്തുന്നതാണു്. നി. വ. ദി. ശ്രീമാന്മാരായ ഗീവറുഗീസു് മോർ ഗ്രീഗോറിയോസു് മെത്രാപ്പോലീത്താ തിരുമേനിയും പൌലൂസു് മോർ സേവേറിയോസു് മെത്രാപ്പോലീത്താ തിരുമേനിയും സന്നിഹിതരായിരിക്കുന്നതാണു്.

പ്രസംഗകർ:—

1) ഫാദർ വി. സി. ഗീവറുഗീസു് B. A.
2) " പി. ജെ. പൌലൂസു് B. A.

3) " സി. വി. ജോർജ്ജു് B. A., L. T.
4) " കെ. ഒ. തോമസു് (മദ്രാസു് ക്രിസ്ത്യൻ കോളേജു്)
5) മി: പി. എം. മത്തായി M. Sc.

പൊതുയോഗ പ്രസംഗകർ

1) ഫാദർ പി. ജെ. പൗലോസു്
2) സാഹിത്യവിശാരദു് പി. വക്കി.

ഫീസു് വിവരം.

ഭക്ഷണഫീസു്. 3ക. 8ണ.

പൊതുവിഷയം:—

The Church on Earth and in Heaven.

(ഭൂമിയിലും സ്വർഗ്ഗത്തിലും ഉള്ള സഭ)

കൂടുതൽ വിവരങ്ങൾക്കു് താഴെ ചേർക്കുന്ന വിലാസത്തിൽ ആവശ്യപ്പെടുക:

പി. എം. ജോസഫ് ശെമ്മാശ്ശൻ,
തൃക്കുന്നത്തു് സിമ്മനാരി,
ആലുവാ.

ദൈവം സന്ദർശിച്ച ഒരു ബാലൻ.

From some Missionaries letters.

(Ittiachan Varghese, Pazhanji.)

സ്മിത്ത് എന്ന ദൈവഭൃത്യൻ ചൈനയിൽ സുവിശേഷവേല ആരംഭിച്ചിട്ടു് വർഷം കുറെയായി. സ്വന്തം ആവശ്യങ്ങൾപോലും തിരസ്ക്കരിച്ചു് സുവിശേഷവേലയിൽ ബദ്ധശ്രദ്ധനായി സഹകരിച്ചു് പ്രവൃത്തിക്കുകയെന്നതു് ഇദ്ദേഹത്തിന്റെ ഒരു പ്രത്യേക ഗുണമാകുന്നു. ചൈനയുടെ തെരുവീഥികളിൽക്കൂടി വേദവാക്യങ്ങൾ വിളിച്ചു പറഞ്ഞും സുവിശേഷഭാഗങ്ങൾ അടങ്ങിയ ലഘുലേഖകൾ വിതരണം ചെയ്തും ഈ മിഷ്യനറി പ്രവൃത്തിച്ചു തുടങ്ങി. യുവാക്കന്മാൎക്കു് പ്രത്യേകയോഗങ്ങൾ നടത്തി. സ്ത്രീപുരുഷന്മാൎക്കു് അവരുടെ സ്ഥിതിയും വയസ്സു ചെന്ന സ്ത്രീപുരുഷന്മാർക്കും അവരുടെ സ്ഥിതിക്കനുയോജ്യമായ ദൂതുകൾ കൊടുത്തും അവരെ പ്രോത്സാഹിപ്പിച്ചു. എന്നാൽ കുഞ്ഞുങ്ങൾക്കു് താൻ പറഞ്ഞുകൊടുത്തതു് അവരെപ്പോലെയുള്ള ചില ബാലികാബാലന്മാരുടെ അനുഭവങ്ങളായിരുന്നു.

ഒരു ദിവസം കുട്ടികൾക്കായി സജ്ജീകരിക്കപ്പെട്ട പ്രസംഗഹാളിൽ 500-ൽ പരം കുട്ടികൾ സന്നിഹിതരായിരുന്നു. ശമുവേൽകുഞ്ഞിനെ സംബന്ധിച്ചു് ദൈവദാസൻ അവരെ കേൾപ്പിച്ചു. "നിങ്ങൾ ഏവരും യഥാർത്ഥത്തിൽ ശമുവേൽ കുഞ്ഞിനെപ്പോലെ ആയിത്തീരണം എന്നു് ദൈവം കല്പിക്കുന്നു" എന്നായിരുന്നു മിഷ്യനറിയുടെ അവസാന വാചകം.

ചില ആഴ്ചകൾക്കുശേഷം ഒരു രാത്രി ഈ മിഷ്യനറിവീരൻ തന്റെ കിടക്കയിൽ കിടന്നു് ഏകാഗ്രമായി പ്രാർത്ഥിക്കുകയായിരുന്നു. പുറകിൽനിന്നും ആരൊ ഒരാൾ തന്നെ വിളിക്കുന്നതായി തോന്നി. ചെന്നു നോക്കിയപ്പോൾ കണ്ടതു്, ഒരു വയോവൃദ്ധനെയായിരുന്നു. ആഗതന്റെ ക്ഷണമനുസരിച്ചു് അദ്ദേഹത്തിന്റെ വീട്ടിലേക്കു പോയി. ഒരു ചെറിയ മുറിയുടെ കതകു തുറന്നു് അതിൽക്കൂടെ നോക്കിയപ്പോൾ വിശുദ്ധ വേദപുസ്തകം വായിക്കുന്ന ഒരു കുഞ്ഞിനേയും അവന്റെ മുമ്പിൽ ഒരു മങ്ങിയ വിളക്കു് പ്രകാശിച്ചുകൊണ്ടിരിക്കുന്നതായും കണ്ടു. ഈ ബാലൻ ഇരിക്കുന്ന അതേ സ്ഥലത്തുനിന്നും വലിയൊരു വെളിച്ചവും പുറപ്പെട്ടിരുന്നു. അവന്റെ അടുത്തുണ്ടായിരുന്ന മങ്ങിയ വെളിച്ചംപോലെ ആയിരുന്നില്ല അതു്. വീട്ടുകാർ ഭ്രമിപ്പാൻ തുടങ്ങി. ദൈവദാസനായ മിഷ്യനറി ആ മുറിയിലേക്കു് കടന്നുചെന്നു. അല്പനിമിഷങ്ങൾ കഴിഞ്ഞപ്പോൾ ആ വലിയ വെളിച്ചം തീരെ നീങ്ങിയിരുന്നു.

വിവരങ്ങളെല്ലാം ശാന്തമായി ചോദിച്ചപ്പോൾ, ദൈവദാസൻ കുട്ടികൾക്കായി നടത്തിയ പ്രസംഗയോഗത്തിൽ ഈ കുട്ടിയും ഉണ്ടായിരുന്നുവെന്നും അന്നുമുതൽ ശമുവേൽകുഞ്ഞു് ദൈവശബ്ദം കേട്ടതുപോലെ തനിക്കും ദൈവത്തെ കണ്ടു് സംസാരിക്കണമെന്ന ആശയോടെ പ്രാർത്ഥിക്കയായിരുന്നുവെന്നു് മനസ്സിലായി. ആ വലിയ വെളിച്ചത്തിൽ അവൻ ദൈവത്തെ കണ്ടു എന്നും ദൈവം അവനോടു് സംസാരിച്ചുവെന്നും അവൻ പറഞ്ഞു. ഇതു വാസ്തവമെന്നു് യേശുക്രിസ്തു അരുളിച്ചെയ്യുന്നു. "അന്വേഷിപ്പിൻ കണ്ടെത്തും" പ്രിയ കുഞ്ഞുങ്ങളെ! നിങ്ങൾ യേശുവിനെ കണ്ടിട്ടുണ്ടോ? ഇല്ലെങ്കിൽ ഈ കുഞ്ഞിനെപ്പോലെ പ്രാർത്ഥിക്കുക; നിങ്ങൾക്കും യേശുവിനെ കാണാം. "യേശു നമ്മെ സ്നേഹിക്കും; നാം യേശുവിന്റെ സ്നേഹിതന്മാരും ആകും." ഇതാകുന്നു ഏററവും വലിയ ഭാഗ്യം.

ക്രിസ്തീയ ലഘുതത്വോപദേശങ്ങൾ.

സമ്മാന പരീക്ഷ.

1-ാംസമ്മാനം 10 ക. 2-ാംസമ്മാനം 5 ക.

ചോദ്യങ്ങൾ.

1. കർതൃപ്രാർത്ഥനയെപ്പററി നിങ്ങളുടെ സ്വന്ത വാചകത്തിൽ 500 വാക്കിൽ കവിയാത്ത ഒരു പ്രസംഗം എഴുതുക.

2. വിശ്വാസപ്രമാണത്തിലെ 12 ഭാഗങ്ങളെപ്പററി 12 പാരകളായി 1000 വാക്കിൽ കവിയാതെ ഒരു ഉപന്യാസം എഴുതുക.

a) ഉത്തരം 1124 മേടം 30-ാംതീയതിക്കുള്ളിൽ അയച്ചുതരണം.

b) 1 ചക്രം സ്റ്റാമ്പില്ലാത്ത ഉത്തരങ്ങൾ ഗൗനിക്കുന്നതല്ല. മുമ്പുകൂട്ടി സ്റ്റാമ്പയച്ചവർ വീണ്ടും സ്റ്റാമ്പയക്കേണ്ട.

c) നിങ്ങളുടെ വീട്ടിലേക്ക് വരുന്ന ചന്ദ്രികയുടെ രജിസ്റ്റർനമ്പർ, മേൽവിലാസം എഴുതിയിരിക്കുന്ന സ്ലിപ്പിൽനിന്നും പകർത്തി അയക്കുക. വരിസംഖ്യ അയക്കാത്ത വീടുകളിലെ കുട്ടികൾക്ക് പരീക്ഷയിൽ ചേരുവാൻ അനുവാദമില്ല.

d) പത്രാധിപക്കോ, മാനേജക്കോ അയക്കുന്ന ഉത്തരം ഗൗനിക്കുന്നതല്ല. ഉത്തരങ്ങൾ എല്ലാം "ഫാദർ വി. സി. ഗീവറുഗീസ് ബി. എ., തോട്ടംമുഖം, ആലുവാ" എന്ന മേൽവിലാസത്തിൽ മാത്രം അയക്കേണ്ടതാണ്.

e) ഉത്തരങ്ങൾ പരിശോധിച്ച് 1-ാമനേയും 2-ാമനേയും നിശ്ചയിക്കുന്നതിന് ചുമതലയുള്ള പരീക്ഷകൻെറ നിശ്ചയത്തെ ചോദ്യം ചെയ്യാവുന്നതൊ ഉത്തരക്കടലാസുകൾ തിരികെ കിട്ടുന്നതൊ അല്ല.

പൗരസ്ത്യ സുവിശേഷ സമാജം.

സമാജംവക ചൂരമുടി ചാപ്പലിൽ ആണ്ടുതോറും മൂന്നുനോമ്പിൽ നടത്തിവരാറുള്ള പ്രസംഗയോഗം കുംഭം 1-4 വരെ തീയതികളിൽ നടന്നു. ആത്തുങ്കൽ ഗീവറുഗീസ് കത്തനാർ, ഇലവിനാമണ്ണിൽ തോമസ് കത്തനാർ, കൂമുള്ളംകുന്നേൽ കെ. വി. വക്കി, എ. കെ. അബ്രഹാം എന്നിവർ ഇതിലെ പ്രാസംഗികന്മാരായിരുന്നു. യോഗത്തിൽ ദിവസേന ആയിരത്തിൽപരം ആളുകൾ, ആ കുന്നിൻമുകളിൽ സംബന്ധിച്ചിരുന്നു.

സമാജംവക എഡേസാ പള്ളിയിൽ ആണ്ടുതോറും നടത്തിവരാറുള്ള പ്രസംഗയോഗവും പെരുന്നാളും വ. ദി. ശ്രീ. കെ. പി. പോൾ റമ്പാച്ചൻ എം. എ., എസ്. എ. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. ആത്തുങ്കൽ ഗീവറുഗീസ് കത്തനാർ, കൂമുള്ളംകുന്നേൽ വക്കി, എ. കെ. അബ്രഹാം, എം. വി. ജോസഫ് എന്നിവരുടെ പ്രസംഗങ്ങളും ഉണ്ടായിരുന്നു.

സമാജംവക പുളിന്താനം ശാഖയുടെ ആഭിമുഖ്യത്തിൽ ഒരു പ്രസംഗയോഗം സ്ഥലം പള്ളിമൈതാനത്തുവച്ച് നടന്നിരിക്കുന്നു. ദിവ്യശ്രീ വി. സി. ഗീവറുഗീസ് കത്തനാർ ബി. എ., സി. സി. പൗലോസ് മുതലായവർ ഈ യോഗത്തിലെ പ്രധാന പ്രാസംഗികന്മാരായിരുന്നു.

സമാജംവക ഉപ്പുകണ്ടം സുവിശേഷാലയത്തിൽ വച്ച് കുംഭം 26 – 28 വരെ തീയതികളിൽ നടത്തിയ പ്രസംഗയോഗത്തിൽ ആത്തുങ്കൽ ഗീവറുഗീസ് കത്തനാർ, മററവന ഗീവറുഗീസ് കത്തനാർ, പുതുക്കുന്നത്ത് യൗസേപ്പ് കത്തനാർ, കൊററാലിൽ ജോർജ്ജ് കത്തനാർ, കൂമുള്ളംകുന്നേൽ കെ. വി. വക്കി, സി. സി. പൗലോസ് എന്നിവർ പ്രസംഗങ്ങൾ ചെയ്യുകയുണ്ടായി.

സമാജം പ്രസിഡൻറും ഫോറിൻ സെക്രട്ടറിയുമായ വെരി. റവ. കെ. പി. പോൾ റമ്പാൻ എം. എ., അവർകൾ മലബാർ മിഷ്യനിൽപെട്ട മലങ്കര കുന്നിൽ കുംഭം 14-ാംതീയതിയും, മൈസൂറിൽ 21-ാം തീയതിയും സന്ദർശനങ്ങൾ നടത്തി കുർബ്ബാന ചൊല്ലുകയും പ്രസംഗയോഗങ്ങൾ നടത്തുകയും ചെയ്തിരിക്കുന്നു.

മലബാറിൽ വയനാട്ട് മിഷ്യൻെറ ആസ്ഥാനമായ മലങ്കര കുന്നിലുള്ള സമാജംവക സ്ഥലത്ത് സമാജംവക പ്രവർത്തനങ്ങൾക്കായി മലബാർ മിഷ്യൻ ഫീൽഡ് ആഫീസർ മി. പി. കെ. മാത്യു B. A., B. L. ഒരു സുവിശേഷാലയം പണി ചെയ്യിച്ചുകൊണ്ടിരിക്കുന്നു. ഇതിൻെറ ശിലാസ്ഥാപനകർമ്മം ബ. കെ. പി. പോൾ റമ്പാച്ചനാണ് നിർവ്വഹിച്ചത്.

സമാജം രജതജൂബിലി കമ്മററി, വക്കീൽ മി. പി. ഇട്ടിക്കയ്യൻെറ പെരുമ്പാവൂർ ഉള്ള ആഫീസിൽവച്ച് മീനം 23-ാം തീയതി ചൊവ്വാഴ്ച സമ്മേളിക്കുന്നതും തദവസരത്തിൽ ജൂബിലി കാര്യത്തെപററി ചിന്തിക്കുന്നതിനു പറമെ ജൂബിലി ഫണ്ട് പിരിക്കുന്നതിനുള്ള ലാഖ്യലേഖകളും രസീതുകളും വാളൻറിയറന്മാരെ ഏല്പിക്കുന്നതുമാകുന്നു.

പാപബോധം

(A. P.)
(Quoted)

പാപബോധം ദൈവത്തോടു നമ്മെ യോജിപ്പിക്കുന്നു. പാപബോധം ഇല്ലാത്ത ആത്മാവ് ദൈവത്തിൻെറ ശത്രുവാകുന്നു. ധൂർത്തപുത്രൻെറ ഉപമയും (ലൂക്കാ XV: 11-25) മഗ്ദലന മറിയയുടെ ചരിത്രവും (ലൂക്കാ VII: 37–50) പാപബോധത്തെപ്പററി നമുക്ക് ശരിയായ അറിവുണ്ടാക്കാൻ സഹായിക്കുന്നു.

ഒരുവൻ എങ്ങനെയാണ് അഗാധമായ പാപക്കുഴിയിൽ ചെന്നു ചാടുന്നത് എന്നുള്ളതിന് ധൂർത്തപുത്രൻെറ ഉപമ നമുക്ക് വേണ്ട അറിവു തരുന്നുണ്ട്. പല പടികളിൽക്കൂടി കടന്നിട്ടാണ് ഒരുവൻ പാപമാകുന്ന ചെളിക്കുഴിയിൽ തന്നത്താൻ തറയ്ക്കപ്പെടുന്നത്.

ഇതിൽ ഒന്നാമത്തെ പടി സ്വാതന്ത്ര്യേച്ഛയാകുന്നു. തനിക്കു വേണ്ടുന്നതെല്ലാം തനിക്ക് അറിയാമെന്ന് അവൻ വിചാരിക്കുന്നു. തൻെറ സ്വാതന്ത്ര്യത്തെ തടയുന്ന ഒരുത്തനേയും അവന് ഇഷ്ടമില്ലാതെ വരുന്നു. മററുള്ളവരുടെ ഗുണദോഷങ്ങളെ അവൻ വെറുക്കുന്നു. തൻെറ ഇഷ്ടത്തിന് വിരോധമായി ഗുണദോഷിക്കുന്നവർ തൻെറ ശത്രുക്കളും ബുദ്ധിഹീനന്മാരുമാണെന്ന് അവൻ വിചാരിക്കുന്നു. അവരുടെ സഖ്യത അവന് ഉപദ്രവകരമാണെന്ന് അവൻ വിചാരിക്കുന്നു. മാതാപിതാക്കന്മാരുടെ ഗുണദോഷങ്ങൾ, സ്വന്തകാര്യഗുണത്തെ ഉദ്ദേശിച്ചാണെന്നു പറഞ്ഞ് അവൻ സ്വീകരിക്കുന്നില്ല. ദൈവത്തിൻെറ ഭൃത്യന്മാരുടെ ഗുണദോഷങ്ങൾ വഴിപ്പെടാൻ പാടില്ലാത്തവണ്ണം കഠിനങ്ങളാണെന്നു പറഞ്ഞ് അവൻ തള്ളിക്കളയുന്നു. വൃദ്ധന്മാരുടേയും പഴമപരിചയമുള്ളവരുടേയും ഗുണദോഷങ്ങൾ ഭീരുത്വത്തിൽനിന്നും പുറപ്പെടുന്നവയാണെന്നു പറഞ്ഞ് വകവയ്ക്കുന്നില്ല. ഇപ്രകാരം എല്ലാവരുടേയും ഗുണദോഷങ്ങൾ തള്ളി സ്വന്ത അഭിലാഷങ്ങളെ മാത്രം അടിസ്ഥാനപ്പെടുത്തി പ്രവർത്തിക്കാൻ അവൻ തീർച്ചപ്പെടുത്തി.

സ്വാതന്ത്ര്യം സിദ്ധിച്ച ശേഷം, അവന് അനിഷ്ടമായ ഗുണദോഷങ്ങൾ ഒന്നും ഉണ്ടാകാതിരിപ്പാൻവേണ്ടി, അവൻ ഇതാ ദൂരദേശത്തേക്കു പോകുന്നു. അവിടെ അവൻെറ സ്വാതന്ത്ര്യത്തെ തടയുവാൻ ആരും ഇല്ല. അവൻ ആഗ്രഹിച്ച സൗഭാഗ്യം അവനു കിട്ടിയെന്ന് അവൻ വിചാരിക്കുന്നു. വിചാരശൂന്യനായി, നന്മതിന്മകളെ തിരിച്ചറിവാൻ പാടില്ലാത്തവനായി, അവൻെറ സ്വാതന്ത്ര്യേച്ഛപ്രകാരമുള്ള ജീവിതം അവൻ നയിക്കുന്നു. ഒരിക്കലും തീരുകയില്ല എന്ന് അവൻ വിചാരിച്ചിരുന്ന അവൻെറ മടിശ്ശീല ഇതാ ശോഷിച്ചു ശോഷിച്ച് മുഴുവൻ തീർന്നിരിക്കുന്നു. അവൻ ഒരുകാലത്ത് വിശപ്പറിഞ്ഞിട്ടില്ലാത്തവനായിരിക്കെ ഇതാ വിശപ്പും ദാഹവുംകൊണ്ടു ക്ഷീണിച്ചു മെലിഞ്ഞു് ആളറിയാൻ പാടില്ലാത്തവണ്ണം തീർന്നിരിക്കുന്നു. താൻ വിചാരിച്ചിരുന്ന സൗഭാഗ്യം കൈവിട്ടു പോയിരിക്കുന്നു എന്ന് അവൻ അറിയുന്നു. പാപത്തിൻെറ ചെളിയിൽ ദിവസേന അവൻ ഇതാ താണുകൊണ്ടിരിക്കുന്നു. മനുഷ്യർ ആരും അവൻെറ സഖാക്കളായി ശേഷിച്ചിട്ടില്ല. അവൻ മൃഗങ്ങളുടെ സഖാവായി തീർന്നിരിക്കുന്നു. പന്നികളോടുകൂടി തവിടു തിന്നാൻ അവൻ ആഗ്രഹിച്ചിട്ട് അതുപോലും കിട്ടാതെ ആയിരിക്കുന്നു. അവൻെറ സുഗന്ധവാഹിനിയായിരുന്ന വസ്ത്രങ്ങൾ ഇപ്പോൾ ഇതാ പന്നികളുടെ അഴുക്കു പുരണ്ടിട്ട് സദാ ദുർഗ്ഗന്ധം വമിച്ചുകൊണ്ടിരിക്കുന്നു. അവന് സഹായിയായി ആരെയും അവൻ കാണുന്നില്ല. പാപച്ചെളിയാകുന്ന കുഴിയിൽ അവൻ ദിവസംപ്രതി ആണ്ടുതുടങ്ങിയിരിക്കുന്നു.

(തുടരും)

സമുദായവാർത്തകൾ.

മണർകാട്ട്.

കഴിപ്പുരയിടം സെൻറ് മേരീസ് ക്രൈസ്തവസമാജത്തിൻെറ ആഭിമുഖ്യത്തിൽ, ആണ്ടുതോറും നടത്തിവരാറുള്ള കൺവെൻഷൻ ഇക്കൊല്ലം കുംഭം 19, 20, 21, 22 എന്നീ തീയതികളിൽ, ദിവ്യശ്രീ വേങ്കടത്ത് ജോസഫ് കത്തനാർ അവർകളുടെ അദ്ധ്യക്ഷതയിൽ, ഈരേച്ചേരിൽ പുരയിടത്തിൽ തയ്യാർ ചെയ്തിരുന്ന വിശാലമായ പന്തലിൽവച്ച് പൂർവ്വാധികം ഭംഗിയായി നടന്നിരിക്കുന്നു. ദിവ്യശ്രീ. വി. സി. ഗീവറുഗീസ് കത്തനാർ അവർകൾ B. A.-യുടെ ഭക്തിനിർഭരവും, ആശയബഹുലവുമായ ബൈബിൾ ക്ലാസ്സുകളും 23-ാംനു- ഞായറാഴ്ച ദിവ്യശ്രീ വെട്ടിക്കുന്നേൽ കര്യാക്കോസ് കത്തനാർ (വല്യച്ചൻ) അവർകളുടെ അദ്ധ്യക്ഷതയിൽ പ്രസ്തുത സമാജത്തിൻെറ 4-ാമതു വാർഷിക സമ്മേളനവും, കൊണ്ടാടുകയുണ്ടായി.

എന്ന്, ജനറൽ സെക്രട്ടറി.

സണ്ടെസ്കൂൾ അദ്ധ്യാപക സമ്മേളനം.

മെഴുവേലി സെൻററിൽപെട്ട സണ്ടെസ്കൂൾ അദ്ധ്യാപകന്മാരുടെ 1949-ലെ പ്രഥമ സമ്മേളനം മെഴുവേലി യാക്കോബായ സിറിയൻ ശാലേം പള്ളിയിൽവച്ച് Rev. Dn. T. C. John അവർകളുടെ അദ്ധ്യക്ഷതയിൽ 124 കംഭം 23-ാംനു- ഞായറാഴ്ച ആരാധനാനന്തരം ആരംഭിച്ചു. നോമ്പിൻെറ പ്രഥമ ഘട്ടമാകയാൽ ഉപക്രമപ്രസംഗത്തിൽ ഉപവാസത്തിൻെറ ആവശ്യകതയെ വ്യക്തമാക്കുകയും, പല ഹൃദയങ്ങളും അതിലേക്ക് തിരിയുകയും ചെയ്തു. അതിനുശേഷം Mr. പി. വി. മത്തായി (സിറിയൻ ശാലേം സണ്ടെസ്കൂൾ ഹെഡ്മാസ്റ്റർ) "മാമ്മോദീസ്സാ" എന്ന വിഷയത്തെ ആസ്പദമാക്കി വേദതെളിവുകളോടുകൂടി, ഒരു ക്ലാസ്സ് നടത്തി. തുടന്ന് Mr. K. T. തോമസ്സ് (ടി. സണ്ടെസ്കൂൾ അദ്ധ്യാപകൻ) കുട്ടികൾക്ക് മതപരിശീലനം നൽകുന്നതിനെ പ്രൗഢഗംഭീരമായ ഒരു പ്രസംഗം ചെയ്തു. ഇടയ്ക്കിടയ്ക്ക് ബാലികമാരുടെ കണ്ണാനന്ദകരമായ ഗാനങ്ങളും ഉണ്ടായിരുന്നു. ഉപസംഹാരത്തിനുശേഷം ഉദ്ദേശം 12 മണിയോടുകൂടി മീററിംഗ് സമംഗളം അവസാനിച്ചു.

മെഴുവേലി,
23—7—1124.

എന്ന്, ആജ്ഞാനുസരണം,
കെ. ററി. തോമസ്സ്
സെക്രട്ടറി.

ഇടവക വാർത്ത.

പൗരസ്ത്യ സുവിശേഷ സമാജം.

കോട്ടപ്പടി സെൻറർ യൂണിയൻ യോഗം.

ടി. യൂണിയൻ യോഗത്തിൻെറ 1124-ാമാണ്ടത്തെ 6-ാമതു സമ്മേളനം 1124 മീനമാസം 7-ാംനു- ഞായറാഴ്ച പകൽ 2 മണി മുതൽ 4 മണിവരെ കോട്ടപ്പടി മാർ ഏലിയാസ് E. M. സ്കൂളിൽവച്ച് സ്ഥലം ശാഖാസംഘത്തിൻെറ ആഭിമുഖ്യത്തിൽ ദിവ്യശ്രീ കൊററാലിൽ K. K. ജോർജ്ജ് കത്തനാർ അവർകളുടെ അദ്ധ്യക്ഷതയിൽ സമംഗളം നടന്നിരിക്കുന്നു. തദവസരത്തിൽ ശാഖാസംഘം പ്രതിനിധികളായ മെസ്സേഴ്സ് C. V. ചാണ്ടി, C. V. മാത്യു, K. P. പൈലി, K. K. ഔസേഫ് എന്നിവർ പ്രസംഗിച്ചു. കാര്യാലോചനയിൽ അടുത്ത യോഗം ഉപ്പുകണ്ടം മാർ ഇഗ്നാത്തിയോസ് സുവിശേഷാലയത്തിൽവച്ച് നടത്തണമെന്ന് തീരുമാനിച്ചു. സ്ത്രീപുരുഷന്മാരും സണ്ടെസ്കൂൾ കുട്ടികളും ഉൾപ്പടെ 150-ൽ പരം ആളുകൾ യോഗത്തിൽ സംബന്ധിച്ചിരുന്നു.

എന്ന്, യൂണിയൻ ജനറൽ സെക്രട്ടറി,
സി. സി. ഗീവറുഗീസ്,
ആയക്കാട്ട്.

കഷ്ടാനുഭവ ആഴ്ച ആരാധന.

സൂറിയാനിക്രിസ്ത്യാനികളുടെ ഊശാന മുതൽ ഉയിപ്പുവരെയുള്ള പള്ളി ആരാധനക്കു സുറിയാനി, മലയാളം ഗീതങ്ങൾ, കൗമാകൾ അടങ്ങിയ ഈ പുസ്തകം മാത്രം മതി.

വില രണ്ടണ മാത്രം.

ആവശ്യപ്പെടുക:—

റവ. ഫാദർ വറുഗീസ്, ചെമ്മണ്ണൂർ
ചേലക്കര.

പരസ്യം

മുടങ്ങിക്കിടക്കുന്ന 'സന്ദേശം' കോട്ടയത്തുനിന്നും വാരികയായി ഉടൻ പുറപ്പെടുന്നു. സാമുദായികമായും രാഷ്ട്രീയമായുമുള്ള ഉജ്ജ്വലത്തായ ലേഖനങ്ങൾ എല്ലാ ലക്കങ്ങളിലും ഉണ്ടായിരിക്കും. ഉടൻ വരിക്കാരായി ചേരുക. പണം എപ്പോഴും മുൻകൂർ. വരിസംഖ്യ 6 രൂപാ മാത്രം. ഏജൻറന്മാരെ ആവശ്യമുണ്ട്. ആകർഷകമായ കമ്മീഷൻ കൊടുക്കപ്പെടും.

അപേക്ഷിക്കേണ്ടും മേൽവിലാസം:

മാനേജർ,
സന്ദേശം,
പള്ളം A. O.

തിരുത്തൽ.

22-ാം ലക്കം കവർ പേജ് 3, കോളം 1-ൽ 35-ാം വരിയിൽ "55 ജൂലൈ" എന്നതു '52 ജൂലൈ' എന്നും, പേജ് 2-ാം കോളം 4-ാം വരി "1 കോറ. 1:9" എന്നതു 1 കോറ. 1:1' എന്നും തിരുത്തി വായിക്കണം.

മാനേജർ: ബ: കോച്ചേരിൽ വറുഗീസ് കത്തനാർ, തൃക്കുന്നത്തു സിമ്മനാരി, ആലുവാ.
പത്രാധിപർ: ബ: വി. സി. ഗീവറുഗീസ് കത്തനാർ B. A., തൃക്കുന്നത്തു സിമ്മനാരി, ആലുവാ.
Printed at the S. G. Press, Parur & Published at Alwaye by Rev. Fr. V. C. Gheevarghese.